# തുഞ്ചത്തെഴുത്തച്ഛൻ

പുസ്തകം 4. 1128 എടവം ലക്കം 2.

## പ്രാൎത്ഥന (അന്നനട)

കെ. ശങ്കരമേനോൻ—കൊല്ലങ്കോട്

മുരളിഭൂഷണൻ മദനമോഹനൻ
മുരാസുരാന്തകൻ മഹർഷിസേവിതൻ
മണിയണിഞ്ഞവൻ മനംകവൎന്നവൻ
മണിധനംകൊണ്ടു മദിച്ച മൂഢന്റെ
മനം കുളിൎപ്പിച്ചു മദമകററിയോൻ
മനം കുളുക്കുന്ന മൊഴി പൊഴിച്ചവൻ
മഹിളകൾക്കൊരു മണിയായീടുന്ന
മഹതി ഭാമയെ വരിച്ച മോഹനൻ
മഹാരണഭുവി മിഴിച്ചുനില്ക്കുന്ന
മഹാരഥൻ തന്റെ മനം തെളിയിച്ചോൻ
മഹിതഗീതയാം മഹാമൃതംകൊണ്ടു
മഹാമഹിമയെ മഹിക്കു നല്കിയോൻ
മഹിയിലുള്ളൊരു മലനമൂൎത്തിയെ
മഹസ്സിനാൽ വെന്നു മഹിമ പൂണ്ടവൻ
മഴ പൊഴിക്കവെ മല കുടയാക്കി
മഴയകററിയോൻ മലയെ പൂജിച്ചോൻ
മനുജരക്ഷയുമഘലോന ശിക്ഷയും
മനംകുളുൎക്കവെ മുറയ്ക്കു നല്കിയോൻ
മനനംചെയ്യുന്ന മുനിവരരുടെ
മനതാരിൽപ്പുക്കു മരുവിമേവിനോൻ
മുഖകുഹരത്തിൽ മുഴുവൻ ലോകവും
മുകിലൊളിവണ്ണൻ മുറയ്ക്കു കാട്ടിയോൻ

മദിച്ച പൂതന മുല കൊടുക്കവെ
മുദാകടിച്ചുടൻ മരണമേകിയോൻ
മതംഗവീരനെ മഥിച്ചു നീക്കിയും
മുദമരുളിയ മുകുന്ദ ഗോവിന്ദൻ
മദീയ പാപങ്ങൾ മുടിഞ്ഞു പോകുവാൻ
മദീയ മാനസേ മരുവുകെന്നുമേ.

---

# സംഹിത തത്വസൂചകം.

(വി. കെ. നാരായണഭട്ടതിരി.)

അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾ, അഞ്ച് കർമ്മേന്ദ്രിയങ്ങൾ, അഞ്ച് പ്രാണങ്ങൾ, മനസ്സ്, ബുദ്ധി—ഇങ്ങിനെ 17 പദാർത്ഥങ്ങളാണ സൂക്ഷ്മശരീരമെന്ന് വേദാന്തം മുതലായ ദർശനങ്ങളും പുരാണങ്ങളും സമ്മതിച്ചിട്ടുണ്ട്. ഒരുവൻ മരിക്കുക എന്നാൽ അയാളുടെ സൂക്ഷ്മ ശരീരം ഈ ദേഹത്തെ വിടുകയാണ്. ഭാഗവതത്തിലെ ദശമത്തിൽ തൃണജളൂകയെപ്പോലെയാണ സൂക്ഷ്മശരീരം ഒരു ദേഹത്തെ പ്രാപിക്കുന്നതെന്നു പറയുന്നു. തൃണജളൂക എന്നു പേരായ ആ ചെറുപ്രാണി, വൃക്ഷങ്ങളുടെയും മററും ഇലകളിൽ സഞ്ചരിക്കുമ്പോൾ മുൻഭാഗം ഇലയിൽ ഉറപ്പിച്ച് പിൻഭാഗം വിടും; പിന്നെ പിൻ ഭാഗം ഉറപ്പിച്ചാൽ മുൻഭാഗം മുകളിലേക്കുപോകും. ഇങ്ങിനെ ഓരോ ഭാഗമുറപ്പിച്ചുകൊണ്ടാണ ഇതിൻെറ സഞ്ചാരം. ഇതുപോലെയാണ സൂക്ഷ്മശരീരത്തിൻെറയും ഗതിയെന്നു പറയുന്നു. മറെറാരു ശരീരത്തിൽ പിടുത്തം കൂടിയതിന്നുശേഷം മുമ്പുണ്ടായിരുന്ന ശരീരത്തിനെ ഉപേക്ഷിക്കുന്നു.

"ദേഹേ പഞ്ചത്വമാപന്നേ
ദേഹീകർമ്മാനുഗോവശഃ
ദേഹാന്തരമനുപ്രാപ്യ
പ്രാക്തനം ത്യജതേ വപുഃ
യഥാതൃണജളൂകൈവം
ദേഹീകർമ്മഗതിം ഗതഃ"

ഭാഗവതത്തിലെ മേൽക്കാണിച്ച ഭാഗംകൊണ്ടു സൂക്ഷ്മശരീര

ത്തിൻെറ ഗതിയെ സ്പഷ്ടമായി കാണിക്കുന്നു. എന്നാൽ സംഹിതാഭാഗമായ വേദത്തിൽ സൂക്ഷ്മശരീരത്തെപ്പററിയോ മരണമെന്നാൽ ആ ശരീരത്തിൻെറ ഗതിയാണെന്നുള്ളതിനെപ്പററിയോ യാതൊന്നും കാണുന്നില്ല. അതിനാൽ പിന്നീടുണ്ടായ ദശനകത്താക്കന്മാരുടെയോ പുരാണകത്താക്കന്മാരുടെയോ സൃഷ്ടിയാണു് ഈ സൂക്ഷ്മശരീരം. ഇങ്ങിനെ ചിലർ അഭിപ്രായപ്പെടുന്നു എന്നാൽ സൂക്ഷ്മശരീരത്തിനെപ്പററിയുള്ള ചില സൂചനകൾ ഋഗ്വേദത്തിൽ കാണാം.

ഇക്ഷ്വാകു വംശത്തിൽ സുമതി എന്നു പേരായ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന്നു ബന്ധു. സുബന്ധു, ശ്രുതബന്ധു, വിപ്രബന്ധു—ഇങ്ങിനെ നാലു പുരോഹിതന്മാരുണ്ടു്. അങ്ങിനെയിരിക്കെ രാജാവു് മായാവികളായ രണ്ടു ഋഷിമാരെ തൻെറ പുരോഹിതന്മാരായി സ്വീകരിച്ചു. ബന്ധു, സുബന്ധു മുതലായവർ കുരുടന്മാരായിത്തീന്നിട്ടു രാജാവിൻെറ നേക്കു് ആഭിചാരപ്രയോഗം ചെയ്തു ഇതറിഞ്ഞു് ഈ മായാവികളായ പുരോഹിതന്മാർ മന്ത്രപ്രയോഗംകൊണ്ടു സുബന്ധുവിനെ കൊന്നു. അപ്പോൾ ബന്ധു മുതലായ ബാക്കി മൂന്നു പുരോഹിതന്മാർ ചില മന്ത്രങ്ങൾ നിമ്മിച്ചു് അതു വഴിയായി സുബന്ധുവിനെ ജീവിപ്പിച്ചു ബന്ധു മുതലായവർ ഉണ്ടാക്കിയതായി നാല്പതു മന്ത്രങ്ങളാണു് ഉള്ളതു്. ആയുസ്സിന്നു നന്നു് എന്നുവെച്ചു കുട്ടികളെത്തൊട്ടു് ഈ മന്ത്രം ജപിക്കുക ഇന്നും പതിവുണ്ടു്. ഈ മന്ത്രങ്ങളിലെ ചില പ്രത്യേകതയാണു നോക്കേണ്ടതു്. അത്തരത്തിലുള്ള മന്ത്രങ്ങളിൽ ഒന്നു് ഉദാഹരണത്തിന്നായി താഴെ ചേക്കുന്നു:—

"ആത എതു മനഃപുനഃ
ക്രത്വേ ദക്ഷായ ജീവസേ
ജ്യോക്ക്ച സൂര്യം ദൃശേ".

അല്ലയോ സുബന്ധു. വളരെക്കാലം സൂര്യനെ ദശിച്ചുകൊണ്ടിരിക്കുവാനും പ്രവൃത്തിക്കുന്നതിന്നും ബലത്തോടുകൂടി ജീവിച്ചിരിക്കുന്നതിന്നും അങ്ങയുടെ മനസ്സു് തിരികെ വരട്ടെ. ഇവിടെ മനസ്സിനെയാണു് തിരികെ ആകഷിക്കുന്നതെന്നു് സ്പഷ്ടമാണല്ലോ. ഇങ്ങനെ മനസ്സിനെ തിരികെ വരുത്തുക എന്നത്ഥമുള്ള ഭാഗങ്ങൾ ഈ മന്ത്രങ്ങളിൽ വളരെയുണ്ടു്. അങ്ങയുടെ മനസ്സു് ഏതു രാജ്യത്തേക്കോ, ഏതു ലോകത്തിലേക്കോ സമുദ്രം പവ്വതം മുതലായ സ്ഥലങ്ങളിലേക്കോ, എവിടെക്കു പോയാലും അതു വേഗം തിരികെ വരട്ടെ

എന്നിങ്ങിനെ വീണ്ടും വീണ്ടും പ്രാൎത്ഥനകളാണു് ഇവയിൽ കാണുന്നതു്. മരിക്കുകയെന്നാൽ മനസ്സു് പോവുകയാണെന്നു് ഋഗ്വേദത്തിലെ ഈ ഭാഗംകൊണ്ടു് സ്പഷ്ടമാകുന്നു. മനസ്സുപോവുക എന്നുള്ളതിന്നു് ഇന്ദ്രിയങ്ങളോടും പ്രാണങ്ങളോടും കൂടി അതു പോവുക എന്നൎത്ഥത്തിലാണു് വേദാന്തികളും മററും പിന്നെ പറയുവാൻ തുടങ്ങിയതു്. മന്ത്രങ്ങൾകൊണ്ടു് സൂചിതങ്ങളായവയെ സ്പഷ്ടമാക്കുകയാണല്ലൊ പുരാണാദികൾ ചെയ്യുന്നതു്. അതുകൊണ്ടു പുരാണാദികളിലെ സൂക്ഷ്മശരീരത്തെത്തന്നെയാണു് ഋഗ്വേദമന്ത്രംകൊണ്ടു് മനസ്സാക്കിപ്പറയുന്നതു്. സൂക്ഷ്മശരീരം എന്ന തത്വത്തെപ്പററിയുള്ള ചിന്ത ഋഗ്വേദകാലത്തു് തീരെയുണ്ടായിരുന്നില്ലെന്നു് തീരുമാനിക്കുന്നതു് അത്ര ശരിയാകുമോ എന്നു സംശയമാണു്. ഇവിടെ കാണിച്ചമാതിരി പ്രയോഗങ്ങൾ വേറെയും ഋഗ്വേദത്തിലുണ്ടു്. ഇപ്പോളിത്രമാത്രം പറഞ്ഞു് ഇതവസാനിപ്പിക്കുന്നു. ഇന്ന സംഗതി സംഹിതകളില്ല എന്നു പറയുന്നതു് വളരെ സൂക്ഷിച്ചുവേണം എന്നു കൂടി പറഞ്ഞുകൊള്ളട്ടെ.

# രാസക്രീഡ

(പി. ഗോവിന്ദമേനോൻ)

ഐശ്വൎയ്യം, വീൎയ്യം യശസ്സു്, ശ്രീ, വൈരാഗ്യം, ജ്ഞാനം എന്നീ ആറു ഗുണങ്ങളുടെ പരിപൂൎത്തിയുള്ള ഭഗവാൻ ശ്രീകൃഷ്ണൻ പരമഭക്തകളായ ശതകോടി (കൃത്യം നൂററിപ്പത്തുകോടി) ഗോപസ്ത്രീകളൊന്നിച്ചു, വികസിച്ച മല്ലികകളോടുകൂടിയ ശരൽകാലരാത്രികളിൽ യോഗമായയെ സ്വീകരിച്ചു രമിച്ചു വൎണ്ണനയാണല്ലോ രാസക്രീഡയിലുള്ളതു്. കാമകാഞ്ചനങ്ങളിൽ മുഴുകിക്കിടക്കുന്ന സാധാരണ മനുഷ്യൎക്കു ഇതിൽ അന്തൎഭവിച്ച തത്വം ഗ്രഹിക്കുവാൻ ഏതാണ്ടു അസാദ്ധ്യം തന്നെയെന്നു പറയാം. മാത്രമല്ല, രാഗഭക്തിവഴിക്കുള്ള സാധനപാകം വരാത്തവൎക്കു അപായകരം കൂടിയായേയ്ക്കും. സൂക്ഷ്മതത്വം ഗ്രഹിച്ച മഹാന്മാർ രാസലീലയിലടങ്ങിയ മാഹാത്മ്യം വെളിപ്പെടുത്തുവാൻ ശ്രമിച്ചിട്ടുള്ളതിലേയ്ക്കു ജിജ്ഞാസുകളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

വിഷയസുഖങ്ങളിൽക്കൂടെ പ്രത്യക്ഷപ്പെടുന്ന ആനന്ദം ആത്മാ

നന്ദത്തിൻെറ അലൌകികമായ പ്രതിഫലനം മാത്രമാണെന്നു സാര ഗ്രാഹികൾ ഉൽബോധിപ്പിച്ചിട്ടുണ്ടു്. സച്ചിദാനന്ദാത്മകമായ അ പരതത്ത്വത്തിൻെറ വ്യക്തമൂർത്തിയാണ ഭഗവത്സ്വരൂപം. ആ ഈ ശ്വരനുമായി നിർബ്ബാധം തന്മയീഭവിക്കാനുള്ള അവസരമാണു് പര മപ്രേമഭാവത്തോടെ അദ്ദേഹവുമായി ലീലകളാടുക എന്ന അവ സ്ഥ പ്രദാനം ചെയ്യുന്നതു്. മനോമാലിന്യങ്ങൾ പാടേ നീങ്ങിയാ ലല്ലാതെ ഭഗവാനുമായി അത്തരമൊരു ബന്ധത്തിനു തരം വരുന്ന തേ അല്ല. മാംസളമായ മാദകലഹരിയല്ല, ദിവ്യമായ ആനന്ദ നുഭൂതിയാണു്, അത്തരമൊരു സമാഗമം കൈവരുത്തുക. രാസ ലീലയുടെ ആസ്വാദനത്തിനു പിറകിൽ അലൗകിക തത്ത്വമുക്തിയു ടെ കരുത്തേറിയ അടിയൊഴുക്കാണുള്ളതു്. ഈ വസ്തുത വിസ്മരി ച്ചുകൊണ്ടു ആ രംഗം സ്മരിക്കുന്നതു് അത്ഥശൂന്യവും അനത്ഥകര വുമാണു്.

രാസലീല വർണ്ണിക്കുന്നതു കാമസ്പർശം കൂടാത്ത ശ്രീ ശുകനാ ണു്, കേൾക്കുന്നതോ വിരാഗിയായ പരീക്ഷിത്തും. പ്രാകൃത സ്ത്രീപു രുഷസംയോഗത്തെയല്ല ഇവിടെ വിവക്ഷിച്ചിട്ടുള്ളതെന്നതിനു ഇ തുതന്നെ ധാരാളംമതി. ഭക്തിസാധനയുടെ ഉച്ചതമമായ ഭാ വവും പരിശുദ്ധാനുരാഗത്തിൻെറ പരമമായ നിദർശനവുമാകുന്നു രാസലീല. ഊഴിയിലെ അഖിലസാരമായ സ്നേഹത്തിൻെറ സ്ഥൂ ലമായ പ്രകടനമാണു് സ്ത്രീ പുരുഷബന്ധത്തിൽ പ്രതിഫലിക്കുന്ന തു്. ആ ഭാവം എത്രയധികം പരിശുദ്ധമായിത്തീരുന്നുവോ, അ ത്രത്തോളം അതിൽനിന്നുണ്ടാവുന്ന ആനന്ദവും വർദ്ധിക്കുന്നു. ഇതു സാധാരണജീവിതത്തിൽതന്നെ അനുഭവപ്പെടുന്ന വാസ്തവമാ ണു്. കാമലേശമില്ലാത്ത അകൃത്രിമബന്ധം എത്രമാത്രം ആസ്വാദ്യ കരമെന്നു പറഞ്ഞറിയിക്കവയ്യ. സാക്ഷാൽ മന്മഥമന്മഥനായ ഭഗ വാൻെറ ദിവ്യമംഗളമൂർത്തിയിൽ രതീഭാവമുണ്ടായിത്തീന്നു അദ്ദേ ഹവുമായി കേളികളാടുവാൻ തരപ്പെടുകയെന്ന ഭാഗ്യവിശേഷം എത്ര അസുലഭവും അചിന്ത്യമോഹനവുമാണെന്നു ഊഹിക്കുവാൻ പോലും പ്രയാസമാണു്. അതിൻെറ ഫലം നിരതിശയാനന്ദല ബ്ധിയാവാതിരിപ്പാൻ തരമില്ല. ഭഗവാനുമായുള്ള സമ്പക്കം സ വ്വബന്ധങ്ങളേയും ഛേദിക്കുവാൻ സമത്ഥമാകുന്നു. അതിനാൽ ഗോപികൾക്കു പരമകല്യാണപ്രദമായി പരിണമിച്ചു രാസക്രീഡ.

ഭഗവൽ ഭാവരഞ്ജിതമായ ഹൃദയത്തിലേ രാസലീലാരഹ സ്യം സ്ഫുരിക്കു. ഭോഗവാസനകൾ നിറഞ്ഞ ചിത്തം സംശയ

കലുഷിതമാവാതിരിക്കയില്ല. അങ്ങനെയൊരു അളവുകോൽവെച്ചു നോക്കിയാൽ ഈ മധുരലീലയുടെ ആന്തരം അടുത്തുതന്നെയിരിക്കും. പിത്തദോഷം വർദ്ധിച്ചാൽ കൽക്കണ്ടവും കൈയ്ക്കും. അതിനു കൽക്കണ്ടത്തെ കുററപ്പെടുത്തിയാലോ ? അന്തർമുഖതയെ അഭ്യസിക്കതന്നെയാണു ചിത്തശുദ്ധിക്കുള്ള വഴി. ഭഗവല്ലീലയുടെ യഥാർത്ഥമർമ്മം ഗ്രഹിക്കാൻ നിർമ്മലചിത്തത്തിന്നല്ലാതെ സാദ്ധ്യമല്ലതന്നെ.

മദനൻെറ പ്രഭാവം ബ്രഹ്മാദിദേവന്മാരെപ്പോലും വഴിതെററിക്കാൻ സമർത്ഥമായിട്ടുണ്ടു്. അങ്ങനെ ത്രിലോകവിജയിയായി ഗർവ്വംപൂണ്ടു വിലസുന്ന മദനൻെറ മദം അകററുവാൻ ഭഗവാനു പ്രയാസമില്ലെന്ന തത്ത്വവും ഈ ലീലമൂലം അദ്ദേഹം പ്രത്യക്ഷപ്പെടുത്തുന്നു. ഗോപീമണ്ഡലമണ്ഡിതനായ ഭഗവാൻ നിസ്സംഗഭാവത്തോടെ ഗോപികളെ തന്നിലേയ്ക്കു് ആകർഷിച്ചു് അവരെ സകല കാമനാവാസനകളുടെ ശൃംഖലകളിൽനിന്നും മോചിപ്പിച്ചു പരമഭാഗ്യവതികളാക്കിത്തീർക്കയാണുണ്ടായതു്. വെറും ഭോഗവാസനകൾ അനുഭവിക്കുംതോറും കൂട്ടുകയല്ലാതെ കുറയുകയില്ല. അഗ്നിയിൽ നെയ്യൊഴിക്കുന്ന അനുഭവമേ കാമോപഭോഗം കൈവരുത്തൂ. ഭഗവാനുമായുണ്ടായ ലീലകളാകട്ടേ മുക്തിഹേതുകമായി. ഇരുട്ടും വെളിച്ചവും തമ്മിലുള്ള അന്തരമാണു കാമകേളിക്കും രാസലീലയ്ക്കും തമ്മിലുള്ളതു്.

ആത്മാരാമനായ ഭഗവാൻ വിഷയേന്ദ്രിയസംബന്ധജന്യമായ ആനന്ദത്തിൽ ഇച്ഛയുള്ളവനല്ല. സച്ചിദാനന്ദമയമായ ആത്മസ്വരൂപത്തിൽതന്നെ നിത്യതൃപ്തനായി വർത്തിക്കുന്ന അദ്ദേഹത്തിനു എന്തൊന്നിനെയാണു ആശ്രയിക്കേണ്ടതായിട്ടുള്ളതു് ? എത്ര പ്രയാസമുള്ള കാര്യങ്ങളേയും ഘടിപ്പിക്കുവാൻ അദ്ദേഹത്തിന്നൊരു വിഷമവുമില്ല. കാമമയമായ ജഗത്തിനെ ഉണർത്തിയുണർത്തുവാൻ വേണ്ടിയാണു മദനമോഹനവേഷത്തിൽ അദ്ദേഹം ഗോപികളുമായി രമിച്ചതു്. ശുദ്ധീകരിക്കപ്പെട്ട രതിഭാവം പരമാത്മവിചാരജന്യമായ പരമാനന്ദമരന്ദം നൽകുവാൻ പര്യാപ്തമാണെന്നു അദ്ദേഹം പ്രത്യക്ഷപ്പെടുത്തി. ഗോപികളോടു് വിവിധങ്ങളായ ക്രീഡകളിൽ ഏർപ്പെട്ടുവെങ്കിലും, സ്ഥൂലരീതിക്കുള്ള ഭാവങ്ങൾ അദ്ദേഹം നിരോധിച്ചിരുന്നുവെന്നതും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കാമകിങ്കരനായല്ല ജേതാവായിത്തന്നെയാണു ഭഗവാൻെറ ലീലാവിലാസങ്ങളുണ്ടായതെന്നു വ്യക്തമാണു്. ആത്മികസാധതയുടെ അതിമ

ഹീയമായ ഒരു വശമാണ രാസക്രീഡയെന്നും, ഉത്തമഭക്തന്മാക്കേ അതിൻെറ ശ്രദ്ധതത്ത്വം വെളിപ്പെട്ടുകയുള്ളുവെന്നും പ്രത്യേകം ധരിക്കേണ്ടിയിരിക്കുന്നു.

---

# പുരോഗതി?

(മാധവൻ ചാത്തന്നൂർ)

ഓമനക്കുമാരൻെറ കയ്യിലാപ്പൊതികാണെ-
യമ്മതൻനയനങ്ങളുതിർത്തു ബാഷ്പംവീണ്ടും!

നാലുനാഴികമുമ്പു കൊച്ചുസോദരിതൻെറ-
യാലസ്യംതീർത്തീടുവാനോടിയതാണിക്കുട്ടൻ.
അച്ഛൻെറരൂപംതന്നെ തോന്നുന്നതില്ലാ, തത്ര-
കൊച്ചനാണവ, നച്ഛൻമരിച്ചകാലത്തിങ്കൽ
മൂന്നുനാളായീകഷ്ടം! കഞ്ഞിവെള്ളത്തിൻനിറം
മൂന്നുപേരിവർ കാണ്മാൻ കൊതിച്ചുവലയുന്നു.
"അമ്മെ,യെന്നമ്മേ നാക്കുവരണ്ടുകഴങ്ങുന്നൊ"—
ന്നമ്മകളസ്പഷ്ടമായമ്മയോടോതീടവേ,
കൊച്ചുനന്ദിനിതന്നെച്ചുംബിച്ചും, പലവുരു-
സ്വച്ഛമാംകണ്ണീരിനാൽ നന്മുഖംകുളിപ്പിച്ചു,
പൈതലിൻപൈദാഹത്തിന്നൊന്നുമെ കാണാഞ്ഞിട്ടാ-
മാതാവു് ദുഃഖാർത്തയായ് കിടന്നുവിലപിയ്ക്കെ,
തന്നുടെസഹോദരി.യോമനക്കളിത്തോഴി,
മന്നിലിന്നവനുള്ളൊരേകാലംബനമൂർത്തി
തന്നുടെപാരവശ്യം കണ്ടിട്ടു്, വിശപ്പിനാൽ
തൻതലയുയർത്തുവാൻ വയ്യാത്തമട്ടെന്നാലും,
ഓടിച്ചു; ചുമതലാബോധമകുമാരനെ
വീട്ടിൽനിന്നെവിടേയ്ക്കോ? പ്രകൃതിനിയമമൊ?

കുപ്പയിൽ—യന്ത്രോല്ലാദഗീതകമധുരിമ
യെപ്പൊഴുംവഴിയുന്ന ഹോട്ടലിന്നെച്ചിൽക്കുണ്ടിൽ—
യാന്ത്രികപ്രഭാവത്താലേഴയെ വഴിമാററും
യാനങ്ങളും ചീറിപ്പായും പാതതന്നിരുവക്കിൽ

എച്ചിലിൽപ്പുറത്തിട്ട കായ്കറിത്തുണ്ടും മററും
കൊച്ചുണ്ണിൻെറവിരുതിനാൽ നിസ്തുപമൊന്നായ് കെട്ടി,
വേർപ്പിനാൽനനഞ്ഞുള്ള മേനിയിലങ്ങിങ്ങായി-
ട്ടുപ്പുകഠം പററിപ്പാവം നഗ്നനായട്ടത്തീട്ടും
ഓമനക്കുമാരൻെറ കയ്യിലാപ്പൊതികാണെ-
യമ്മതൻ നയനങ്ങളുതിർത്തു ബാഷ്പോദകം!

നേടിയ മഹത്തമ പ്പൊന്നമ്മുത്തുട്ടാൻ, അമ്മ-
യ്ക്കൊടലൊട്ടകററവാൻ, അവഠംതൻമൊഴികേഠംക്കാൻ
മോദസുന്ദരസ്മേരം കാൽമുട്ടനിലത്തൂന്നീ
സോദരൻവിളിയ്ക്കയാണവളെന്തുണരാത്തു?

ശക്തിയെ—മനുഷ്യനെയൊന്നായിട്ടൊട്ടക്കമെ-
ട്ടുക്തിയെ—പുരോഗതിയെന്നുററുനോക്കുംലോകം,
പട്ടിണികിടന്നു നിൻസോദരിമരിച്ചെന്നാൽ
ഞെട്ടുകില്ലല്ലോ; യെണ്ണുമായതും പുരോഗതി!

ഓലകഠംകാററത്താട്ടംമർമ്മരാരവംപേർത്തും
ജാലകത്തൂടെച്ചെന്നു സാന്ത്വനമരുളുന്നു!

---

# ഹർഷവർദ്ധനൻ

(സി. വി. കുഞ്ഞിരാമപ്പൊതുവാഠം)

സംസ്കൃതസാഹിത്യനഭോമണ്ഡലത്തിൽ അത്യുജ്ജ്വലതാരമായി പ്രശോഭിച്ചു പ്രഭാകന്ദളം വിതറിയിരുന്ന ഒരു തേജഃപുഞ്ജമായിരുന്നു രാജകവി ഹർഷവർദ്ധനൻ. സാഹിത്യവേദിയിൽ ഹർഷൻ നേടിയ ഭാവശരിഷ്ഠമായ അത്യുന്നതസ്ഥാനം ഏവക്കും അസൂയാർഹമായ ഒന്നായിരുന്നു. അത്ഭുതാവഹമായ പ്രശസ്തിയാർജ്ജിച്ച ഒരു വിശിഷ്ടനാടകമാണ് ഹർഷകവീന്ദ്രൻെറ നാഗാനന്ദം. ആ കൃതിയുടെ ഏതൊരു ഭാഗത്തും നവീനവും സജീവതപവും പ്രകടമായി ഒളിചിതറുന്നതായി കാണാം. മനുജഹൃദയത്തെ വികസിപ്പിക്കുവാനും സംസ്കാരത്തിൻെറ ഉത്തുംഗശൃംഗത്തിലേക്കാനയിക്കുവാനും സമർത്ഥമായ ഒരു പ്രഗുണനാടകമാണ് നാഗാനന്ദം. ശൈവ്വാണിയുടെ ലാവണ്യത്തെ ഹൃദയംഗമമാംവിധത്തിൽ പ്ര

സ്ഫുടമാക്കി കാണിക്കുന്ന ഏതാദൃശഗ്രന്ഥം, ഗൈർവ്വാണിക്ക് എന്നും അഭിമാനഹേതുകമത്രെ!

**ജീവചരിത്രം**—ഗുപ്തരാജാക്കന്മാരുടെ പ്രവീണമായ ഭരണത്താൽ ഭാരതം അഭിവൃദ്ധിയുടെ ശൃംഗത്തിൽ സ്ഥിതിചെയ്തിരുന്നപ്പോൾ, പല സാമ്രാജ്യ ദ്രോഹികളും ഉത്ഥാനസമേതം ഇങ്ങോട്ടു പ്രവേശിക്കുകയുണ്ടായി. ക്രിസ്ത്വാബ്ദം 300-600നു മിടക്കുള്ള വരിഷ്ഠരായ ഗുപ്തരാജാക്കന്മാരുടെ ഭരണകാലം പൊതുവേ "സുവർണ്ണകാല"മെന്നപേരിൽ അറിയപ്പെടുന്നു.

മദ്ധ്യേഷ്യയിൽ നിന്നുവന്ന ഹൂണന്മാർ ഗുപ്തസാമ്രാജ്യത്തെ ആക്രമിച്ച് തങ്ങളുടെ ചവിട്ടടിയിൻ കീഴിലാക്കിതീർത്തു. പിന്നീട് ഉത്തരേന്ത്യയിൽ രണ്ടു വിശാല രാഷ്ട്രങ്ങൾ—സ്ഥാനേശ്വരവും കന്യാകുബ്ജവും-ഉയന്നുവന്നു. സ്ഥാനേശ്വരം ഉദഗ്രരീതിയിൽ ഭരിച്ചിരുന്ന പ്രഭാകരവർദ്ധനൻെറ മൂന്നാമത്തെ പുത്രനായിരുന്നു ഹർഷൻ. ഹർഷൻെറ സഹോദരിയായിരുന്ന രാജ്യശ്രീയെ കന്യാകുബ്ജാധീശ്വരനായ ഗ്രഹവർമ്മൻ വിവാഹംചെയ്തിരുന്നതിനാൽ പ്രസ്തുത ഇരു രാജ്യങ്ങളും അന്യോന്യം യാതൊരു മത്സരവുംകൂടാതെ സൌഹാർദ്ദപൂരസ്സരം പെരുമാറിയിരുന്നു.

ഏ ഡി. 604-ൽ ഹൂണന്മാരുമായുണ്ടായ യുദ്ധത്തിൽ പ്രഭാകരവർദ്ധനൻ മരിക്കുകയും അദ്ദേഹത്തിൻെറ മൂത്ത പുത്രനായ രാജ്യവർദ്ധനൻ സിംഹാസനാരോഹണം ചെയ്യുകയും ചെയ്തു.

കന്യാകുബ്ജാധീശ്വരനായ ഗ്രഹവർമ്മനെ മാളവ രാജാവ് തോല്പിച്ച് രാജ്യശ്രീയെ കാരാഗൃഹത്തിലിട്ടടച്ചപ്പോൾ, രാജ്യവർദ്ധനൻ അതിന്നെതിരായി തൻെറ സേനയെ ശത്രുവിൻെറ നേക്ക് നയിച്ചു. രാജ്യവർദ്ധനന്നു അകാലമൃത്യം സംഭവിച്ചതുകൊണ്ടു രാജ്യശ്രീയെ വീണ്ടെടുക്കുവാൻ സാധിച്ചില്ല ; തന്മൂലം ഹർഷൻ സിംഹാസനാരോഹണം ചെയ്ത് നീട്ടററ സൈന്യത്തോടുകൂടി മാളവരാജാവോട് എതിരിട്ടു ആ വിജയം കൈവരിച്ചു; അദ്ദേഹം കാരാഗൃഹത്തിൽ കിടന്നു നരകയാതനയനുഭവിക്കുന്ന സഹോദരിയെ വിമുക്തയാക്കി.

പിന്നീടു ദക്ഷിണഖണ്ഡത്തിലെ ചാലൂക്യരാജ്യത്തെ ആക്രമിക്കുകയും എന്നാൽ രണ്ടാം പുലകേശി ഹർഷനെ തോല്പിക്കുകയും ചെയ്തപ്പോൾ അദ്ദേഹം നർമ്മദാനദി തൻെറ തെക്കെ അതിർത്തിയായി സ്വീകരിച്ചുകൊണ്ടു ഹർഷസാമ്രാജ്യം സ്ഥാപിച്ചു.

പ്രാചീനഭാരത രാജാക്കന്മാരിൽ സർവ്വഥാ ഒരു ആദർശപുരുഷ

നായിരുന്നു ഹഷനെന്നുള്ളതു സവ്വസമ്മതമാണ്. സ്വാതന്ത്ര്യപരമായ ഒരു സ്വേച്ഛാധിപത്യമായിരുന്നില്ല ഹഷൻെറ 40 കൊല്ലത്തെ ഭരണം.

വിഷമമേറിയതും ബഹുമുഖവുമായ ഭരണവിഷയങ്ങളിൽ ഹഷനെ ഉപദേശിക്കാൻ ഒരു മന്ത്രിസഭയും പ്രാപ്തന്മാരായ ഉദ്യോഗസ്ഥന്മാരുമുണ്ടായിരുന്നു ഹഷൻ ഭരണത്തിൻെറ മേൽനോട്ടം മാത്രമെ വഹിച്ചിരുന്നുള്ളു എന്നു ഹ്യൂയൻസാങ്ങ് എന്ന ചീന തീത്ഥയാത്രക്കാരൻ പ്രസ്താവിക്കുന്നുണ്ടു്. ഹഷവദ്ധനൻെറ ഭരണസാമത്ഥ്യത്തെക്കുറിച്ചും ആ കാലഘട്ടത്തിൽ ജീവിച്ച ജനങ്ങളുടെ ആചാരാനുഷ്ഠാനങ്ങളേക്കുറിച്ചും ഹ്യൂയൻസാങ്ങ് "പാശ്ചാത്യലോകവൃത്താന്തം" എന്ന പേരിൽ ഒരു ചരിത്രഗ്രന്ഥമെഴുതിയിട്ടുണ്ടു്.

**സാഹിത്യവേദിയിൽ**—പ്രാചീനകാലത്തുള്ള ഭാരതരാജാക്കന്മാരിൽ മിക്കവരും വരിഷ്ഠഗ്രന്ഥങ്ങൾ നിമ്മിപ്പിച്ചും നിമ്മിച്ചും ദേവധാമാഗ്ഗങ്ങളിൽകൂടി സാഹിത്യസമാരാധനംചെയ്തിരുന്നു. ഈ രണ്ടു പ്രസ്ഥാനങ്ങളിലും കൈകടത്തി വിജയം നേടിയിരുന്നു ഹഷൻ. ധാരേശ്വരനായി സമുല്ലസിച്ച ഹഷൻെറ വദാന്യതയേയും, വൈദഗ്ദ്ധ്യത്തേയും സ്മരിക്കുമ്പോൾ ആരാണു പുളകിതഗാത്രരായി തീരാത്തതു്!

നാഗാനന്ദം, പ്രിയദശിക, രത്നാവലി എന്നീ മൂന്നു ദൃശ്യകാവ്യങ്ങൾ ഹഷൻെറ വകയായിട്ടുണ്ടു്.

ഒരു പ്രത്യഗ്രസരണിയിൽക്കൂടെയായിരുന്നുഹഷനും, അദ്ദേഹത്തിൻെറ വിദ്വൽസഭയിലെ പ്രധാനകവിയായിരുന്ന ബാണനും പ്രസാരണംചെയ്തിരുന്നതു്. പ്രസ്തുത ഘട്ടത്തിൽ അവർ നിമ്മിച്ച വരിഷ്ഠവും ഗരിഷ്ഠവുമായ കൃതികൾ കാലോചിതമായ ഒരു പ്രസ്ഥാനമായിത്തന്നെ കാവ്യലോകത്തിൽ വിരാജിക്കുമെന്നുള്ളതു് അവിതക്കിതമത്രെ.

ഹഷവദ്ധനൻെറ സാഹിത്യജീവിതത്തിൻെറ എല്ലാ ഘടകാംശങ്ങളും ഇന്നും വാദപ്രതിവാദത്തിന്നു വിധേയമത്രെ. അദ്ദേഹം ഭാവനാശാലിയായിരുന്നില്ല എന്നു് ഒരു പക്ഷം; അദ്ദേഹം ഭാവനാസമ്പന്നനായിരുന്നുവെങ്കിൽതന്നെ ഗ്രന്ഥങ്ങൾ നിമ്മിച്ചിട്ടില്ല എന്നും. ഹഷൻെറ പേരിൽ ഉണ്ടായിട്ടുള്ള കാവ്യങ്ങൾ ആസ്ഥാന കവിയായ ബാണൻേറതാണെന്നും മറെറാരു പക്ഷം. അമ്പോ! ഈ പക്ഷഭേദങ്ങൾ എന്നു തീൎന്നുകാണും! ഏതു മഹാകവിയേയും ചിലരെങ്കിലും ദൂഷിക്കും. ഇതു് നൈസഗ്ഗികമാണു്. ഈ വസ്തുത ഓ

ത്തുകൊണ്ടു് ഹർഷനെക്കുറിച്ചുള്ള ഭിന്നാഭിപ്രായമുള്ളവരെ നമുക്കു് പൊറുക്കാമല്ലൊ.

ഒരു നാടകകർത്താവിന്നു വേണ്ടുന്ന ഗുണങ്ങൾ നമുക്കു് ഹർഷന്റെ നാടകങ്ങളിൽ കാണാം. സരസമായ ഒരു ശൈലിയും മററും ഹർഷന്നു സ്വായത്തമായിരുന്നു.

ഹർഷൻ തന്റെ സമകാലീനസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിൽ അഗ്രഗണ്യനായിരുന്നു. വിദ്വൽസദസ്സു് ഹർഷന്റെ രാജധാനിയിൽ സമ്മേളിക്കുക പതിവുണ്ടു് എന്നു മുകളിൽ ഞാൻ സൂചിപ്പിച്ചുവല്ലൊ. പണ്ഡിതന്മാരേയും കവികളേയും ഏററവും സ്പൃഹണീയമായ നിലയിൽ ഹർഷൻ പ്രോത്സാഹിപ്പിച്ചതിനാൽ അനേകം വിദ്വാന്മാർ ഹർഷനെ സമാശ്രയിച്ചിരുന്നു. വിദ്വജ്ജനങ്ങളുടെ അഭയസ്ഥാനമായിരുന്നു ശ്രീഹർഷൻ. അദ്ദേഹത്തെപ്പോലുള്ള ഭാരതരാജാക്കന്മാർ തുലോം കുറവായിരുന്നുവെന്നു കൂടി പറയാവുന്നതാണു്.

ചെറുകഥ

# ആ ദിവ്യൌഷധം
## അഥവാ
# അച്ഛന്റെ അന്തകൻ

(വിദ്വാൻ, വി. സി. കൃഷ്ണൻ നായർ, വണ്ടാഴി.)

എന്റെ മനസ്സു് തീവണ്ടിയെക്കാൾ വേഗത്തിൽ ഓടിക്കൊണ്ടിരുന്നു. മെഡിക്കൽകോളേജിൽനിന്നു ആദ്യമായി കിട്ടിയ ഒഴിവിൽ ഞാൻ രാജ്യത്തേക്കു മടങ്ങിവരികയായതുകൊണ്ടു ആ യാത്ര എന്നെ കൂടുതൽ ആഹ്ലാദിപ്പിച്ചതിൽ ആശ്ചര്യമില്ലല്ലോ. ജാലകത്തിലൂടെ പ്രകൃതിയെകണ്ടു് ആനന്ദിച്ചുകൊണ്ടു ഞാൻ ഇരിക്കെ, വണ്ടി ഒരു ഇടസ്റ്റേഷനിൽ നിന്നു.

തൽസമയം അവിടെ വന്നുകയറിയ ഒരു മുസ്ലിം മൈനർ ഒരു ദിവ്യൌഷധത്തിന്റെ ഗുണഗണങ്ങൾ വർണ്ണിക്കാൻതുടങ്ങി. ആയാളുടെ പ്രസംഗപാടവം അവിടെകൂടിയിരുന്ന പലരേയും ആകർഷിച്ചു. ഏതു ദീനവും എളുപ്പത്തിൽ മാററാൻ ശക്തിയുള്ള ആ

ഔഷധം വെറും നാലണകൊടുത്തു ഓരോരുത്തരും വാങ്ങിത്തുടങ്ങി. ജലദോഷംകൊണ്ടു മൂക്കും വായയും അടഞ്ഞു ബുദ്ധിമുട്ടിക്കൊണ്ടിരുന്ന ഒരു വൃദ്ധൻ ആ വൈദ്യൻ പറഞ്ഞപോലെ മരുന്നുപ്രയോഗിച്ചു നോക്കി. ആയാൾക്ക് ഉടൻ സമാധാനം ലഭിച്ചു. പല്ലുവേദന കൊണ്ടു കഷ്ടപ്പെട്ടിരുന്ന ഒരു സ്ത്രീക്ക് പഞ്ഞിയിൽ മുക്കിയ ആ ഔഷധം വെച്ചുകൊടുത്തപ്പോൾ പ്രത്യക്ഷഫലം ചെയ്തു. അങ്ങിനെ പണംമുടക്കാൻ മടിച്ചു ഒരുരണ്ടു "സായ്പു" വേഷക്കാരൊഴികെ മററെല്ലാപേരും നാലണവീതം മുടക്കി ഓരോ കുപ്പി മരുന്നു കൈപ്പററി. ഒരു പാക്കററു മുഴുവൻ വിററു കാശാക്കിക്കൊണ്ടു ആയാൾ അവിടെ നിന്നു അടുത്ത മുറിയിലേക്കു നീങ്ങുവാൻ ശ്രമിക്കെ, വണ്ടിനീങ്ങിത്തുടങ്ങി. ആയാൾ എൻെറ അടുത്തു സ്ഥലം പിടിച്ചു. എൻെറ പുറത്തു തട്ടിക്കൊണ്ടു ആയാൾ ചോദിക്കയാണ "മിസ്ററർ വേണു നമ്മളെ അറിഞ്ഞില്ലേ?"

ഞാൻ ആയാളെ നല്ലവണ്ണം നോക്കി എനിക്കു് ആളെ മലസ്സിലായി. ഹൈസ്കൂളിൽ വായിച്ചിരുന്ന കാലത്തു് ആയാൾ എൻെറ സഹപാഠിയായിരുന്നു. വേഷപ്പകിട്ടും മീശയും ആയാളുടെ ആകാരത്തെ ആകമാനം മാററിയിരുന്നു!

ഞാൻ ആയാളുമായി സംഭാഷണം ചെയ്തു ആ ദിവ്യൌഷധത്തിനെപ്പററി മുമ്പു കേട്ടിട്ടുണ്ടെങ്കിലും അതിൻെറ പ്രയോഗവിശേഷങ്ങളും മററു ഫലപരിണാമങ്ങളും അപ്പോൾ അറിയുന്നതേയുള്ളൂ. ഏതു രോഗത്തിനും അതു കൈകണ്ട ഔഷധമാണെന്നു സമർത്ഥിച്ചുകൊണ്ടു് ആയാൾ എന്നെക്കൊണ്ടും എട്ടണ ചിലവു ചെയ്യിപ്പിച്ചു രണ്ടു കുപ്പി വാങ്ങിച്ചു, സ്നേഹിതൻെറ നിലയിൽ ഒരു സാമ്പിൾ കുപ്പി ആയാൾ എനിക്കു "സപ്ലൈ" ചെയ്തു.

*     *     *     *

നഗരത്തിൽ വളരെ ദിവസം കഴിച്ചുകൂട്ടി സ്വദേശത്തിരിഞ്ഞതിനാൽ എനിക്കു് ആ ഉൾനാട്ടിലെ ജീവിതം തീരെ പിടിച്ചില്ല. എങ്കിലും അച്ഛൻെറ രോഗം മാറാതെ പുറപ്പെടുന്നതു ശരിയല്ലെന്നു വെച്ചു ഞാൻ പത്തുദിവസത്തെ ലീവിന്നു എഴുതി.

ഒരു ദിവസം രാത്രി ഭക്ഷണത്തിന്നു ഇരുന്നപ്പോൾ പതിവുപോലെ അച്ഛൻ അടുത്തുവന്നു കണ്ടില്ല. അന്വേഷിച്ചപ്പോൾ അദ്ദേഹത്തിന്നു തൊണ്ടവേദനയാണെന്നും സന്ധ്യക്കു തുടങ്ങിയതാണു് അതെന്നാം ഒന്നും ഇറക്കുവാൻ സാധിക്കാതെ കഷ്ടപ്പെട്ടുകയാണെന്നും സഹോദരിമാരും മററും പറഞ്ഞു. ഞാൻ ഒരു വി

ധം ഭക്ഷണം കഴിച്ചു കയ്യ് ശുദ്ധിവരുത്തി മുകളിൽ ചെന്നു. അ
വിടെ അച്ഛൻ മുക്കിമൂളിക്കൊണ്ടു കിടപ്പാണു് അദ്ദേഹത്തിന്നു വ
ല്ലാത്ത ബുദ്ധിമുട്ടുള്ളതായി എനിക്കു തോന്നി.

ഒരു ഡോക്ടരെ വിളിക്കേണമെങ്കിൽ എട്ടു നാഴിക അകലെ
പോകണം. ആ കുഗ്രാമത്തിലെ പാതയിൽകൂടി അററവേനൽക്കാ
ലത്തു മാത്രമേ ഒരു കാറോ ജീപ്പോ കൊണ്ടുവരുവാൻ നിവൃത്തിയു
ള്ളു. മഴക്കാലമാകയാലും ചുററുപാടും ഉള്ള തോടും പുഴയും നിറ
ഞ്ഞു ഒഴികിയിരുന്നതിനാലും ആ അസമയത്തു അക്കരെപററുവാൻ
വളരെ വിഷമമായിരുന്നു. അച്ഛൻ കിടക്കുവാൻ നിവൃത്തിയില്ലാ
തെ പൊരിയുന്നതുകണ്ടപ്പോൾ പണത്തിന്നുവേണ്ടി പ്രകൃതിയോടു
പോലും മല്ലിടാൻ ഒരുക്കമുണ്ടായിരുന്ന ചിലരെ ഡാക്ടരെ കൂട്ടിക്കൊ
ണ്ടുവരുന്നതിന്നു പറഞ്ഞയച്ചു.

രോഗിയെക്കാണാൻ അയൽവക്കക്കാർ വരികയായി. പെരു
ച്ചാഴിയെ പുകയിട്ടുപിടിച്ചതിന്റെ ഫലമായിട്ടാണു് ഈ ശ്വാസം
മുട്ടൽ എന്നു ചിലരും നാൽക്കാലികളുടെ കഴുത്തു മുറുക്കികെട്ടിയി
ട്ടതിനാലാണെന്നു വേറെ ചിലരും, അവിടെ അഭിപ്രായപ്പെട്ടു. അ
പരിഷ്കൃതമായ ഒരു ഉൾനാട്ടിൽ അന്ധവിശ്വാസങ്ങൾക്കു് അതിരി
ല്ലല്ലോ. അച്ഛൻ ഒരു കൃഷീവലനാകയാൽ അതൊന്നും അസംഭാ
വ്യങ്ങളല്ലെന്നു ചില മദ്ധ്യസ്ഥന്മാർ വിധിച്ചു. പലരും അവിടെ
വന്നുകൂടി. ചില കുറുംകൌശലക്കാർ അവരവരുടെ ഔഷധപ്രയോ
ഗപാടവം അവിടെ പ്രദർശിപ്പിച്ചു. എല്ലാം വിഫലമായി പരിണ
മിച്ചു. ഡോക്ടരെ വിളിക്കാൻ ചെന്നവർ കഷ്ടപ്പെട്ടു ഒരുവിധം പു
ഴക്കു് അക്കരയിൽ കടന്നെത്തിയിട്ടുണ്ടെന്നു കൂടെ പോയി മടങ്ങിവ
ന്നവർ പറഞ്ഞു. കാലത്തല്ലാത അവക്കു ഇങ്ങോട്ടെത്താൻ സാ
ദ്ധ്യമാവുകയില്ല. ഞാൻ വല്ലാതെ വിഷമിച്ചിരിക്കെ, തീവണ്ടിമു
റിയിൽ വെച്ചു് എന്റെ മാന്യസ്നേഹിതന്റെ ദിവ്യൌഷധത്തെ
പ്പററിയ പ്രസംഗ പരമ്പ എന്റെ മസ്തിഷ്കത്തിലൂടേ പാഞ്ഞു.
ഞാൻ പെട്ടിയിൽ സൂക്ഷിച്ചിരുന്ന ആ ദിവ്യൌഷധം എടുത്തുകൊ
ണ്ടുവന്നു ഏതാനും തുള്ളികൾ അച്ഛന്റെ വായിൽ ഒഴിച്ചുകൊടു
ത്തു.

ആർദ്രാദർശനത്തിന്നു കുളിച്ചു കുറിയിട്ടു് അബലാജനങ്ങൾ ആക
മാനം തിരുവാതിരപ്പാട്ടുപാടി, ഊഞ്ഞാലാടി, രസിക്കുകയാണു്.
പ്രഭാത സൂര്യകിരണങ്ങൾ ജാലകത്തിലൂടെ അച്ഛൻ കിടക്കുന്ന മു
റിയിലേക്കും, ഡാക്ടരും മററും ഞങ്ങളുടെ പടിക്കലേക്കും എത്തിക്ക

*

ഴിഞ്ഞു. പെട്ടെന്നു ഒരു പൊട്ടിക്കരച്ചിൽ അച്ഛൻ ഞങ്ങളെയെല്ലാം വേർപ്പെട്ടുകഴിഞ്ഞു !

* * *

ഒരു മാസംകഴിഞ്ഞു ഞങ്ങൾക്ക് ചില ഔഷധങ്ങളുടെ ഗുണപാഠം എടുത്തുകൊണ്ടിരിക്കെ, സാധാരണയായുൾനാട്ടുകൾ എടുത്ത് ഇടപഴകുന്ന ആ ദിവ്യൌഷധത്തിന്റെ ദോഷത്തെപ്പററി ഗുരുനാഥൻ പറയുകയുണ്ടായി. അത് അധികമായി അകത്തു പെട്ടാൽ അത്യാപത്താണത്രെ. അച്ഛന്റെ അന്തകൻ ഞാനോ, ആ ഔഷധമോ എന്നു ഞാൻ ഇപ്പോഴും സംശയിക്കുകയാണ്.

* * *

---

# "ഉയരാൻ കഴിഞ്ഞെങ്കിൽ"

പി. ജി. പട്ടാമ്പി

നാരകം വിണ്ണാക്കുന്ന ശില്പിയാണദ്ധ്യാപകൻ,
പാരിലെസ്സംസ്കാരത്തിൻ നട്ടെല്ലാണദ്ധ്യാപകൻ,
മുളയ്ക്കും ബീജത്തിന്റെ ജീവനാണദ്ധ്യാപകൻ,
തളിർക്കും പത്രങ്ങൾക്കു വർണ്ണമാണദ്ധ്യാപകൻ.
പാവനമായിട്ടുള്ള വേലയാണ,തിൻ കീർത്തി
വാനോളമുയർത്തുന്നു പലരും പല മട്ടിൽ !

മാനമായുള്ള വേഷമണിഞ്ഞു മദ്ധ്യാപക-
നാനന്ദം തൂകിയെന്നും വിനയം വിളയിച്ചും,
ബാലിശമായീടുന്ന മസ്തിഷ്കം വളർന്നേറെ
പാലിയ്ക്കാൻ പ്രയത്നങ്ങൾ തീവ്രമായ് ചെയ്തീടണം
കോരകം വിരിയുവാൻ പവനൻ തഴുകുമ്പോൾ
കോമളലീല ചെയ്യാനാചാര്യൻ പഠിയ്ക്കേണം.
ജാതിവൈരുദ്ധ്യം തീരെ കൊയ്യണമെന്നാഗുരു
വോതി;യെന്നാലും നാലു ജാതിയാണദ്ധ്യാപകൻ.
ഇത്തരം നിയമങ്ങൾക്കെത്രയും വിധേയനായ്
വർത്തിയ്ക്കുമദ്ധ്യാപകൻ നരകത്തീയ്യിൽ നില്പൂ !

ഗുരുവും ശിഷ്യരുമായ്പ്പുലർന്ന പൂന്തോപ്പുകൾ-
സുവർണ്ണ സുദിനങ്ങൾ-തികച്ചും മറന്നേയ്ക്കൂ.
എരിയും വയറുമായ് പൊരിയും ജീവിയ്ക്കൊരു
തരിയു മരി നല്കാനായിരം വിഷമങ്ങൾ!
തീവ്രമാം ത്യാഗം ചെയ്തു ജീവിക്കും ഗുരുക്കളെ
പാവമായെണ്ണീടൊലാ, നട്ടെല്ലു പൊടിയ്ക്കൊലാ
ക്ഷമയ്ക്കുമതിരുണ്ടാമവർ തൻ നേത്രത്തിൽ നി=
ന്നുദിയ്ക്കും ചെന്തീപ്പൊരി പടർന്നു പിടിയ്ക്കുമ്പോൾ,
അക്ഷരജ്ഞാനാംബിക പുകഞ്ഞു പിടയുമ്പോൾ
നക്ഷത്രങ്ങളെ നോക്കി നില്ക്കയോ നാടെ നീയും?
അവരും വളർന്നോട്ടെ, മാനമായ് ജീവിച്ചോട്ടെ,
അവർക്കായ് നൽകൂ നാടെ, കരളും, കണ്ണും, കാതും.
മററു വേലകൾ ചെയ്തു മാനവരുയരുമ്പോൾ
മുററുമിയദ്ധ്യാപകൻ താഴുന്നു; കേഴുന്ന ഹ!
ഉത്തമ സേവനങ്ങൾ ചെയ്യുമിപ്പുരിഷകൾ-
ക്കത്തലോ പ്രതിഫലം സ്വാതന്ത്ര്യമാളും നാട്ടിൽ?

മാനമായ് ജീവിച്ചീടാൻ കഴിവു വന്നില്ലെങ്കിൽ
കാനനാന്തരം പൂകി വൻ തപം ചെയ്തേ തീരൂ.
അത്തരമൊരുനാളെ, സ്സ്വാഗതം ചെയ്തീടൊല്ലെ,
ബദ്ധവിപ്ലവത്തിൻെറ കാഹളം കർണ്ണാനന്ദം.

മഴയും കാററും കോളും ഏററുകൊണ്ടദ്ധ്യാപകൻ
തുഴഞ്ഞുവിദ്യാബ്ധിയിലിന്നലെയോളം ധീരൻ!
എന്നിട്ടുമെന്തേ ലഭ്യം? കാരിരുമ്പഴിയ്ക്കുള്ളിൽ
നിന്നു കൊണ്ടൊരു ദിവ്യപ്രകാശം കാട്ടീ നാട്ടിൽ.
മററുവർഗ്ഗത്തോടൊപ്പമാത്മാഭിമാനത്തോടെ
മുററുമിയദ്ധ്യാപകനുയരാൻ കഴിഞ്ഞെങ്കിൽ
ഭാരതത്തിൻെറ ദിവ്യസന്ദേശം പുലർത്താനായ്
കൂരിരുൾ നീക്കീട്ടവർക്കുയരാൻ കഴിഞ്ഞെങ്കിൽ!!

# വദ്ധമാനമഹാവീരൻ

രണ്ടായിരത്തഞ്ഞൂററയ്മ്പതിലധികം കൊല്ലങ്ങൾക്കു മുമ്പു വടക്കൻബീഹാറിലെ വൈശാലിക്കടുത്തു് കുണ്ഡപുരനഗരിയിൽ ഒരു രാജകുടുംബത്തിലാണു് വദ്ധമാനമഹാവീരൻ ജനിച്ചതു്. "മഹാവീര ജയന്തി" ഭാരതം മുഴുവൻ ആഘോഷിക്കപ്പെടുന്നതു് മാച്ചിലാകുന്നു, ഗൌതമബുദ്ധനും മഹാവീരൻെറ ജന്മസ്ഥലത്തിന്നടുത്താണു് ജാതനായതു്. അവർ സമകാലികന്മാരായിരുന്നു.

ജൈനമതത്തിൻെറ സ്ഥാപകനല്ല മഹാവീരൻ. ജൈനതീത്ഥാങ്കരന്മാരിൽ ഇരുപത്തിനാലാമത്തെ അവസാനതീത്ഥാങ്കരനായിരുന്നു അദ്ദേഹം. നിലവിലുണ്ടായിരുന്ന ഒരു മതത്തെ പ്രചരണം ചെയ്യുകയായിരുന്നു അവരുടെ മുഖ്യകത്തവ്യം. മനുഷ്യവഗ്ഗത്തിൻെറ ആരംഭം മുതൽക്കുതന്നെ ഈ മതം ഉണ്ടായിരുന്നുവെന്നാണു് പറയപ്പെടുന്നതു്. അതുകൊണ്ടു് ഒരു പ്രത്യേക സ്ഥാപകനെ അതിനു നിർദ്ദേശിക്കാനൊക്കില്ലെന്നിരിക്കുന്നു.

മഹാവീരൻ സുഖലോലുപമായ ജീവിതത്തിനു സവ്വസൌകയ്യങ്ങളും നൽകിയിരുന്ന സമ്പത്തിന്നധിപനായിത്തന്നെയാണു് വളന്നുവന്നതു്. പൊന്നും വെള്ളിയും പണ്ടവും പണവും ധാന്യവും രത്നവും അദ്ദേഹത്തിൻെറ ജനനത്തിനു ശേഷം കുടുംബത്തിൽ പെരുകിത്തുടങ്ങിയതിൻെറ സ്മരണാത്ഥം കുട്ടിയെ "വദ്ധമാനൻ" എന്നു വിളിച്ചുതുടങ്ങി. വീരൻ, അതിവീരൻ, സമ്മതി എന്നൊക്കെ അദ്ദേഹത്തെ വിശേഷിപ്പിച്ചുപോന്നു.

ഈ മഹാൻെറ ജനനത്തെസ്സംബന്ധിച്ച പല അത്ഭുതാനുഭവങ്ങളും ഉണ്ടായതായി ജൈനഗ്രന്ഥങ്ങൾ ഘോഷിക്കുന്നു. അദ്ദേഹത്തെ ഗഭം ധരിച്ചുകൊണ്ടിരിക്കുമ്പോൾ അമ്മയ്ക്കു പലവിധ ദിവ്യദശനങ്ങളും അനുഭവപ്പെട്ടിരുന്നുവത്രേ. ശിശുവിൻെറ ജനനം നാനാതരം ആഘോഷങ്ങളോടും, പിഴകൾ മടക്കിക്കൊടുക്കുക, കടങ്ങൾ റദ്ദാക്കപ്പെടുക, തടവുകാരെ മോചിപ്പിക്കുക തുടങ്ങിയ പലവിധ ആനുകൂല്യങ്ങളോടും അഭിവാദ്യം ചെയ്യപ്പെടുകയുമുണ്ടായി. ലോകത്തിന്നൊരു തെളിമതന്നെ കൈവന്നു.

മഹാവീരൻെറ ജീവിതസംഭവങ്ങളെക്കുറിച്ചു വിശദവിവരങ്ങളൊന്നുമില്ല. ഉള്ളവയിൽത്തന്നെ, ജൈനരുടെ രണ്ടു വിഭാഗക്കാരായ ശ്വേതാംബരന്മാരും ദിഗംബരന്മാരും തമ്മിലുള്ള അഭിപ്രാ

162056
O32;1K20m2:N50
J3

യവ്യത്യാസങ്ങളുടെ ഫലമായി പല വിരുദ്ധതകളും വന്നുചേൎന്നിട്ടുമുണ്ടു്, നവതാരുണ്യമേന്തിയ ആ തീൎത്ഥങ്കരൻ മിഴിയുള്ള ആരുടെ മിഴിയേയും ആകർഷിക്കത്തക്ക സുഷമാവിലാസത്തോടു കൂടിയവനായിരുന്നു. അഴകിന്നൊത്ത ധീരതയും അദ്ദേഹത്തിൽ പ്രകാശിച്ചു. കുട്ടിക്കാലത്തു് ഒരു മദിച്ച ആനയെ കൂസൽകൂടാതെ എതിരിട്ടു അതിന്മേൽ ചാടിക്കയറി അതിനെ പാട്ടിലാക്കുകയുണ്ടായി. കൂട്ടുകാരൊക്കെ ആനയെക്കണ്ടതും കുതിച്ചെങ്ങോ എത്തിയിരുന്നു. മഹാവീരൻ അക്ഷോഭ്യനായി, അചഞ്ചലനായി, ഭയരഹിതമായ നയനങ്ങളോടെ അതിന്നുമുമ്പിൽ സ്ഥാനമുറപ്പിക്കയാണുണ്ടായതു്. ഒടുവിൽ ആന പട്ടിക്കുതുല്യം പാട്ടിലായി. നോക്കണേ, ഒരു ധൈൎയ്യം! വിളയും പയറിൽ ഗുണം മുളയിൽത്തന്നെ.

കാലക്രമത്തിൽ മഹാവീരൻ വിവാഹിതനായി. യശോദയെന്ന പ്രിയപത്നിയിൽ പ്രിയദൎശനൻ എന്നൊരു പുത്രനുണ്ടായി അദ്ദേഹത്തിന്നു്. മുപ്പതു വയസ്സുവരെ സാധാരണമട്ടിൽത്തന്നെ ലൗകികജീവിതം നയിക്കുകയാണുണ്ടായതു മഹാവീരൻ. അപ്പോഴേയ്ക്കും വൈരാഗ്യവഹ്നി അദ്ദേഹത്തിൽ തീവ്രമായി ഉജ്ജ്വലിച്ചുതുടങ്ങി. മാതാപിതാക്കൾക്കു മകൻ സംന്യസിക്കുന്നതു സമ്മതമായിരുന്നില്ല. അവരുടെ അപ്രീതികൂടാതെ കഴിക്കുവാൻ അദ്ദേഹം തക്കം പാൎത്തങ്ങനെ ഗൃഹത്തിൽത്തന്നെകൂടി. അവരുടെ മരണാനന്തരം ജ്യേഷ്ഠനായ നന്ദിവൎദ്ധനന്റെ അനുമതിയോടുകൂടി മഹാവീരൻ ത്യാഗജീവിതം സംപൂൎണ്ണം സ്വീകരിച്ചു. തന്റെ സ്വത്തെല്ലാം അഗതികൾക്കു ദാനംചെയ്തു ഉടുതുണിപോലുംകൂടാതെ കാടകംപൂകി വിജനദേശത്തു താമസമുറപ്പിച്ചു അദ്ദേഹം ഘോരതപം തുടങ്ങി. ഉപവാസബഹുലമായിരുന്നു ആ ജീവിതം. പന്ത്രണ്ടരകൊല്ലത്തിന്നിടയ്ക്കു നാന്നൂറു പ്രാവശ്യം കഷ്ടിച്ചേ ആഹാരമുണ്ടായിരുന്നുള്ളുവത്രേ. കൈപ്പുടത്തിലൊതുങ്ങിയിരുന്നതായിരുന്നു അദ്ദേഹത്തിന്റെ പൂൎണ്ണാഹാരം. തപസ്സുകാലത്തു ദുൎജ്ജനങ്ങളുടെ പീഡകൾ അദ്ദേഹത്തിനു സഹിക്കേണ്ടിവന്നു. ഇടയ്ക്കെങ്ങാനും ഭക്ഷണമപേക്ഷിച്ചു ചില വീടുകളിൽ കയറിച്ചെന്നാൽ അവിടെയുള്ളവർ അദ്ദേഹത്തെ ചിലപ്പോൾ ആട്ടിയോടിച്ചിരുന്നുവെന്നു മാത്രമല്ല, നായ്ക്കളെ വിട്ടു കടിപ്പിക്കുവാൻ കോപ്പുകൂട്ടുന്നതിനുകൂടി മടിച്ചിരുന്നില്ലത്രേ! ശിഷ്ടന്മാരെ മാനിക്കുവാനുള്ള ബുദ്ധിയുണ്ടോ ദുഷ്ടന്മാൎക്കു്? പക്ഷേ, ഇഷ്ടാനിഷ്ടങ്ങൾ മഹാത്മാവിന്റെ മനസ്സിനു സമനിരയാ

UNIVERSITY LIBR

ണതാനും.

ഉഗ്രതപസ്സിൻെറ ഫലമായി നാല്പത്തിരണ്ടാമത്തെ വയസ്സിൽ മഹാവീരൻ അറിയേണ്ടതറിഞ്ഞവനായിത്തീൎന്നു. "കേവലിൻ" (സൎവ്വജ്ഞൻ) എന്ന വിശേഷണത്തിന്ന് അദ്ദേഹം അൎഹനായി. അഹിംസ, അസ്തേയം, സത്യം; അപരിഗ്രഹം എന്ന നാലു വ്രതങ്ങൾ ജൈനന്മാർ കാര്യമായി കരുതിയിരുന്നു. ബ്രഹ്മചര്യവും കൂടി മഹാവീരൻ അതിൽ ചേൎത്തു. ജൈനമതത്തിനു പുഷ്ടിയും പ്രചാരവും വൎദ്ധിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു മംഗലിപുത്രൻ എന്ന ശത്രുവിൻെറ പ്രാതികൂല്യം അദ്ദേഹത്തിനു നേരിടേണ്ടിവന്നു. സകലൎക്കും സമ്മതനായി ആരും ഉണ്ടായിട്ടില്ലല്ലോ! എങ്കിലും സൂര്യവെളിച്ചത്തിനു ചൂട്ട പ്രകാശിക്കാത്തതുപോലെ മഹാവീരൻെറ സ്വാധീനശക്തിയെ മങ്ങിപ്പിക്കുവാൻ മംഗലിപുത്രനായില്ല. മുപ്പതുകൊല്ലമുണ്ടായി അദ്ദേഹത്തിൻെറ മതപ്രചരണപരിശ്രമങ്ങൾ: തൻെറ കുടുംബക്കാരേയും ബന്ധുക്കളേയുമാണ് ആദ്യം അദ്ദേഹം വശീകരിച്ചതു്. ഭവപ്പശയുടെ ഇഴകിപ്പിടുത്തം അകററുവാൻ അദ്ദേഹത്തിൻെറ ജീവിതദൃഷ്ടാന്തവും ഉപദേശങ്ങളും പലരേയും സമൎത്ഥരാക്കി. എഴുപത്തിരണ്ടു വയസ്സുവരെയുണ്ടായി അദ്ദേഹത്തിൻെറ ഇഹലോകവാസം. ബി. സി. 546-നും 465-നും ഇടയിലായിരുന്നു അദ്ദേഹത്തിൻെറ അവസാനമെന്നു ഭിന്നാഭിപ്രായങ്ങളുണ്ടു്. സഹജീവികളുടെ ഉന്നമനത്തിനുവേണ്ടി നിസ്വാൎത്ഥജീവിതം നയിച്ച മഹാവീരനെപ്പോലുള്ള ആചാര്യന്മാരാണ കണ്ണീർക്കടലിൽ മുങ്ങിപ്പൊങ്ങുന്ന മൎത്ത്യന്മാൎക്കുള്ള പൊങ്ങുതടികൾ എന്നു് ഓൎമ്മവെയ്ക്കുന്നതു് ഉപകാരപ്രദമായിരിക്കും.

—— ⁂ ——

വിദ്യാൎത്ഥിപംക്തി

# ഞാൻ വിദ്യാൎത്ഥിയാണു്

(ഭരതൻ എരനെല്ലൂർ)

ഞാൻ ഒരു വിദ്യാൎത്ഥിയാണു്. എനിക്കൊരു ഇസവുമില്ല. മണ്ണാംകട്ടയുമില്ല. ഞാൻ ഒന്നുമാത്രമേ ആവശ്യപ്പെടുന്നുള്ളു. അതു മററൊന്നുമല്ല. നല്ല ചങ്കുറപ്പു്. ഏതാപത്തിലും അപകടത്തിലും നിരാശനാവാതെ പദം പതറാതെ അവയെല്ലാം തട്ടിനീക്കി

ത്തരണം ചെയ്യാനുള്ള ഒരു ചങ്കുറപ്പ്.

ഞാൻ ഈ ലോകത്തിൽ ഒരു നിയമവും ഒരു തത്വസംഹിതയും വിശ്വസിക്കുന്നവനല്ല. പക്ഷെ ഞാൻ നീതിയെ വിശ്വസിക്കുന്നു. ആ നീതിക്ക് നിദാനമായ ഈശ്വരാസ്തിക്യത്തിൽ ഞാൻ അടിയുറച്ചുനില്ക്കുന്നു.

ഞാൻ തികച്ചും ഒരിന്ത്യക്കാരനാണ്. അതിന്റെ സാംസ്കാരികോന്നതിയിൽ ഞാൻ പുളകംകൊള്ളുന്നു. ആ മാതാവിന്റെ മടിയിലിരുന്ന് മനംമയങ്ങിക്കേട്ട ആ വീരകഥകൾ എന്റെ മസ്തിഷ്കത്തെ ഊഷ്മളമാക്കുന്നു.

സാമ്പത്തികസമത്വംകൊണ്ടുമാത്രം ലോകസമാധാനം സനാതനമായി സംസിദ്ധമാകുമെന്ന ആ സിദ്ധാന്തം; അതെ, ആ ചുവപ്പൻസിദ്ധാന്തം, എനിക്കൊരിക്കലും വിശ്വാസ്യമല്ല. ഈശ്വരവിശ്വാസം മനുഷ്യനെ അബലരും അടിമയും ആക്കുമെന്ന ആ തത്വം എനിക്കു കേൾക്കാൻപോലും സാദ്ധ്യമല്ല. ഒരു ഭാരതീയന്റെ യുക്തിക്കും പാരമ്പര്യമായ സംസ്കാരത്തിനും അതൊരിക്കലും അനുയോജ്യമല്ല. അവനതു കേട്ടിട്ടുമില്ല; കേൾക്കുകയുമില്ല.

ഞാനിന്നിവിടെ എത്തിയിരിക്കുന്നു,—ഒരു ശാസ്ത്രീയലോകത്തിൽ സങ്കല്പ സമ്മോഹനവും ക്ഷണികവുമായ ഒരാകാശക്കോട്ടയിൽ—, അതിലിരുന്നു ഞാൻ സുഖവും സമാധാനവും അഭിനയിക്കുന്നു. പ്രാകൃതികശക്തികളെക്കൊണ്ടു ഞാൻ വിടുപണിയെടുപ്പിക്കുന്നു. എനിക്കതു വെള്ളം തിളപ്പിച്ചു തരുന്നു; പങ്കവീശിത്തരുന്നു, ഒരു വേലക്കാരിയെപ്പോലെ വിളക്കുകൊളുത്തിവെയ്ക്കുന്നു. പോരാ, ആഗോളവാർത്തകൾ എന്റെ ചെവിയിൽ വന്നു സ്വകാര്യം പറയുന്നു. എന്നിട്ടെന്ത്? വെറും അലംഭാവമില്ലായ്മ, അസംതൃപ്തി, അസമാധാനം ഇതാണു അവശേഷിക്കുന്നത്. മനുഷ്യൻ നിർജ്ജീവമായ ഒരു യന്ത്രവും, യന്ത്രം സജ്ജീവമായ ഒരു മനുഷ്യനും ആയിത്തീരുന്ന ആ ഭയാനകഭാവിയെപ്പററി ഞാൻ ആശങ്കിക്കുന്നു, അമ്പരക്കുന്നു, അന്തംവിടുന്നു.

ഞാൻ ഒരു വിദ്യാർത്ഥിയാണ് എന്റെ വിദ്യാലയം ഈ വിപുലവും വിശാലവുമായ വിശ്വമാണ്. എന്റെ വന്ദ്യഗുരുക്കൾ എന്നെ അഭിമുഖീകരിക്കുന്ന ദൈനംദിനസംഭവപരമ്പരകളാണ്. എന്റെ വിദ്യാഭ്യാസത്തിന്റെ പരിധി കൃത്രിമമായ ചില വിദ്യാലയങ്ങളുടേയോ കലാശാലകളുടേയോ ഇടുങ്ങിയ ഭിത്തികൾക്കുള്ളിൽ സങ്കുചിതമായി നില്ക്കുന്നവയല്ല. എന്റെ ജിജ്ഞാസ ഏതാനും

ചില പുസ്തകപുടങ്ങളിൽ ഇടുങ്ങി നില്ക്കുന്നവയല്ല. അതു വിപുലമാണ്, വിശാലമാണ്, വിചാരവിദൂരമാണ്.

ഞാൻ ഒരു ശുഭഭാവിയെ വിഭാവനംചെയ്യുന്നു. വിനയവും വിചാരശുദ്ധിയുമാണ് ഒരു വിദ്യാർത്ഥിയുടെ വ്യക്തിത്വമെങ്കിൽ എനിക്കെന്തുകൊണ്ടു് അതു് വിഭാവനംചെയ്തുകൂടാ ? സാന്മാർഗ്ഗികമായ സദാചാരബോധം എന്റെ ജീവിതത്തെ നിയന്ത്രിക്കുമാറാകട്ടെ. ഉദാരമായി ചിന്തിക്കുവാനും, കലീനമായി ഉരിയാടുവാനും, സ്നേഹാർദ്രമായി പെരുമാറുവാനും എനിക്ക് പരിശീലനം നല്കുമാറാകട്ടെ.

---

# ഗാന്ധിസൂക്തം

(വിദ്വാൻ & ശിരോമണി കെ. ശങ്കരമേനോൻ)

മഹാത്മാഗാന്ധി നമ്മുടെ നാട്ടിന്റെ പിതാവാണ്. എല്ലാ ദേശനിവാസികൾക്കും നമസ്കരിക്കത്തക്ക കീർത്തി സിദ്ധിച്ച ദിവ്യ ദീർഘദർശിയത്രെ. അവശസമുദായ സംരക്ഷണനിധി. കാരുണ്യം, അഹിംസാ, ശാന്തി, സത്യം എന്നീ നാലു് ദിവ്യഗുണങ്ങൾ മനുഷ്യസമുദായത്തിന്റെ ഉന്നമനത്തിനു് ഉചിതമായവയാണ് എന്നു പ്രായോഗികനിലയിൽ ഉപദേശിച്ച മഹാനുഭാവരാണദ്ദേഹം.

ആ മഹാത്മാവിന്റെ ദിവ്യസൂക്തികളിൽ ചിലത് ഇവിടെ ഉദ്ധരിക്കുന്നു. ഇവയെ അദ്ധ്യയനംചെയ്യുക, അനുഷ്ഠിക്കുക, അനുഷ്ഠിപ്പിക്കുക. എന്നാൽ നമുക്കു ആ മഹാനുഭാവനോടുള്ള ഋണബാദ്ധ്യത തീർന്നതായി വിചാരിക്കാം.

1. ഈശ്വരവിശ്വാസമുള്ളവൎക്ക് അദ്ദേഹത്തെ സന്ദർശിക്കുവാൻ സാധിക്കും; ഈശ്വരകാരുണ്യം സർവ്വത്ര പ്രത്യക്ഷമായി കാണാം.

2. മനുഷ്യർ ഹൃദയത്തിൽനിന്നു ഭയത്തെ നിശ്ശേഷം തള്ളിക്കളയുകയും സത്യത്തെ കൈക്കൊള്ളുകയും വേണം. ഇതു രണ്ടും അനുഷ്ഠിച്ചാൽ നാം എല്ലാവരും ഈശ്വരഭക്തന്മാരായിത്തീരും എന്നു ഞാൻ വിശ്വസിക്കുന്നു. ആദ്ധ്യാത്മികജീവിതത്തിനു ആദ്യമായി വേണ്ടതു നിർഭയമത്രെ.

3. ഞാനൊരു ദൈവവിശ്വാസിയാണ് പ്രാർത്ഥന അനുഷ്ഠിക്കുന്നവനുമത്രെ. കഷ്ണം കഷ്ണമായി എന്നെ വെട്ടിയറുത്താലും ദൈവം ഇല്ല എന്നു പറയാതെ ദൈവമുണ്ട് എന്നു പറയത്തക്ക ശക്തി എനിക്ക് അദ്ദേഹം തരും. ഈശ്വരേച്ഛ ഒരുത്തർക്കും അറിയുവാൻ സാധിക്കുന്നതല്ല. ഈശ്വരേച്ഛ അറിയത്തക്ക ശക്തി സമ്പാദിക്കുവാൻ അഭ്യാസം അത്യാവശ്യമത്രെ.

4. നാട്ടിലെ ബാലരെയാണ് ഞാൻ വിശ്വസിക്കുന്നത്. കളങ്കമില്ലാത്ത കോമളവദനരായ അവർ അമൂല്യമായ കോശാഗാരമത്രെ. അനുക്ഷണം ഉദയംചെയ്ത് മറയുന്ന വിചാരങ്ങൾക്കും, ദുഃഖപര്യവസാനത്തെ സുഖപര്യവസാനമാണെന്നു തെറ്റിദ്ധരിക്കുന്ന വികാരങ്ങൾക്കും ആ ഭണ്ഡാരം ഒരിക്കലും ഇരയാകരുത്.

5 ത്യാഗം, അഹിംസാ എന്നിവയുടെ മൂർത്തിയാണ് സ്ത്രീ എന്നു ഞാൻ വിവരിച്ചിരിക്കുന്നു വനിതകൾ അവരുടെ അഭിമാനം, ഗൌരവം എന്നിവ നിലനിർത്തുവാൻ പുരുഷന്മാരെ വിശ്വസിച്ച് ആശ്രയിക്കരുത്. സ്ത്രീയുടെ അഭിമാനം പുരുഷന്മാർ രക്ഷിച്ചതായി ഞാൻ ഒരു ചരിത്രത്തിലും കേട്ടിട്ടില്ല.

6. മനസ്സിനെ കഷ്ടപ്പെടുത്തുന്നതുപോലെ ശരീരത്തെ തുലയ്ക്കുന്ന മറെറാരു പ്രവൃത്തിയില്ല. ഈശ്വരവിശ്വാസം ലേശമെങ്കിലും ഒരുത്തന് ഉണ്ടെങ്കിൽ അവൻ മനസ്സിനെ കഷ്ടപ്പെടുത്തുന്നതിനു ലജ്ജിക്കും.

7. ഈശ്വരസൃഷ്ടിയിൽവെച്ച് സമുന്നതസ്ഥാനം അലങ്കരിക്കുന്ന മനുഷ്യജന്മത്തെ സുഖഭോഗവസ്തു മാത്രമായിത്തീർത്തു മൃഗങ്ങളിലും മോശമായ നിലയിലേയ്ക്കു തരംതാഴ്ത്തുന്നതിനേക്കാൾ അതു നശിക്കുന്നത് ഉത്തമം എന്നു ഞാൻ കരുതുന്നു

8. മാതാപിതാക്കന്മാരോട് എന്റെ അഭ്യർത്ഥന ഇതാണ്: പുത്രർക്കു ബാല്യത്തിൽതന്നെ വിവാഹം നടത്തരുത്. അത് അവരുടെ കഴുത്തിൽ കനത്ത കല്ല് കെട്ടിത്തൂക്കുകയത്രെ. അമ്മയച്ഛന്മാർ, വളർന്നുവരുന്ന തങ്ങളുടെ സന്തതികളുടെ നന്മയിൽ അത്യന്തം ശ്രദ്ധിക്കുന്നതല്ലാതെ അവർ അനാവശ്യമായി ആവശ്യപ്പെടുന്നതെല്ലാം വാങ്ങിക്കൊടുക്കരുത്.

9. ഏതു് അവസരത്തിലും ഏതു സ്ത്രീയേയും തന്റെ സഹോദരിയേപ്പോലും സ്പർശിക്കരുത് എന്നല്ല ബ്രഹ്മചര്യത്തിന്ന് അർത്ഥം. വെറും ഒരു കടലാസ്സ് തൊടുമ്പോൾ നമ്മുടെ മനസ്സ് ഏതുവിധം വികാരരഹിതമായിരിക്കുന്നുവോ അതുപോലെ മഹിളയെ സ്പർശിക്ക

*

ന്ന അവസരത്തിലും ഹൃദയം വികാരരഹിതമാകുന്നം അതാണ് ബ്രഹ്മചര്യം.

10. ദുർവ്വികാരോത്തേജകങ്ങളായ നാടകങ്ങളും സിനിമകളും തീരെ ദൂരീകരിക്കേണ്ടതാണ്.

11. നീ വിവാഹിതനാണെങ്കിൽ നിൻെറ കളത്രവും മിത്രവും സഹപാഠിയുമാണ്. അല്ലാതെ കേവലം ഭോഗവസ്തുവല്ല എന്നു ധരിക്കണം. കാമസുഖത്തിനുള്ള വിവാഹം വിവാഹമേയല്ല.

12. സ്വരൂപവിചാരത്തിൽ ഒന്നുംതന്നെയില്ല. അതു നശിച്ചു പോകുന്നതാണല്ലൊ. നിലനില്ക്കുന്നതു് ഉത്തമഗുണമത്രെ. ഹൃദയപരിശുദ്ധിയാണ് ഉത്തമസൌന്ദര്യം. ബാഹ്യരൂപം ഏതുവിധത്തിൽ ആയാലും ആഭ്യന്തരത്തിൽ സത്യമുള്ള മുഖമേ സുന്ദരമാകയുള്ളൂ. സത്യമല്ലാത്തതൊന്നും സുന്ദരമല്ല.

13. ശക്തിഹീനരായ മനുഷ്യർ ഒരിക്കലും ക്ഷമിക്കുകയില്ല. ക്ഷമിക്കുക എന്നതു ബലശാലിയുടെ ശീലമാണ്. ക്ഷമിക്കുകയത്രെ യുദ്ധഭടനു ഭൂഷണം.

14. മുഹമ്മദീയരുടെ അല്ലാവും കൃസ്ത്യാനികളുടെ ദൈവവും ഹിന്തുക്കളുടെ ഈശ്വരനും ഒന്നുതന്നെ. ഹിന്തുമതവും മുഹമ്മദീയമതവും പരസ്പരം വിരുദ്ധാചാരസിദ്ധാന്തങ്ങൾ ഉള്ളവയാണ് എന്ന അഭിപ്രായത്തിനു് എൻെറ ആത്മാവു പരിപൂർണ്ണവിരോധിയാകുന്നു. ഭാരതത്തിൽ ഹിന്തുക്കളേ വാണു വളരാവൂ എന്നു വിചാരിക്കുന്ന ഹിന്തുക്കൾ സ്വപ്നലോകത്തിലാണു വസിക്കുന്നതു്.

15. സ്വസമ്മതമില്ലാതെ ഒരു മനുഷ്യനും ഗൌരവം, സ്വാഭിമാനം എന്നിവയെ നശിപ്പിക്കുകയില്ല അവനവൻെറ ഗൌരവത്തേയും അഭിമാനത്തേയും അവനെക്കൂടാതെ മററാരുത്തനു സംരക്ഷിക്കുവാൻ കഴിയുകയില്ല.

16 ന്യായവാദമല്ല; പരമാർത്ഥമായ കൃപയെ പ്രകാശിപ്പിക്കുന്നതു സേവനമാണ്. (ന്യായവാദം പരമാർത്ഥമായ കൃപയെ പ്രകാശിപ്പിക്കുകയില്ല. സേവനമേ പ്രകാശിപ്പിക്കു)

17. സന്മാർഗ്ഗത്തിൻെറ അടിസ്ഥാനതത്വം സത്യം പറയുകയത്രെ. സത്യമായ സംഗതികൾ വിചാരിക്കുക, അനുഷ്ഠിക്കുക. അതായതു വാക്, മനസ്സ്, പ്രവൃത്തി എന്നിവ ഒന്നായിരിക്കണം. സത്യംകൊണ്ടും കാരുണ്യംകൊണ്ടും ലോകം മുഴുവനും ജയിക്കുവാൻ സാധിക്കും എന്നാണ് എൻെറ ദൃഢവിശ്വാസം.

18. മനുഷ്യരോടുള്ള കൃപയാണ്, എൻെറ ജീവിതത്തിൽ

അയിത്താചാരത്തെ ആദ്യത്തെ പ്രശ്നമാക്കിയതു്. അയിത്തം ആചരിക്കുന്നതിനേക്കാൾ ഹിന്ദുമതം നശിക്കുവാനാണു ഞാൻ അധികം ആശിക്കുന്നതു്. അയിത്താചാരത്തെ അനുവദിക്കുന്നവർ എനിക്കു ദുർഗ്ഗന്ധപൂരിതരാകുന്നു.

19. പ്രയത്നിച്ചു ജീവിക്കുവാൻ വേണ്ടിയാണു് ഈശ്വരൻ മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നതു്. പ്രയത്നിക്കാതെ ജീവിക്കുന്നവരെ ഈശ്വരൻ കള്ളന്മാരായി കരുതുന്നു.

20. ജനാധിപത്യഭരണാധികാരികൾ ജനങ്ങളുടെ സ്വാതന്ത്ര്യത്തിൽ തലയിടുന്നതു വളരെ സൂക്ഷിച്ചിട്ടു വേണം. മറെറാരു പ്രകാരത്തിൽ പറയുന്നതായാൽ ഭരണാധികാരത്തിൽ ഒരു സ്ഥാനവും ഇല്ലാതെ തങ്ങളുടെ കാൎയ്യങ്ങളെ ലഘുവായും അടിക്കടി പ്രയോജനകരവുമായ രീതിയിൽ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന രാജ്യമേ പരമാൎത്ഥത്തിൽ ജനാധിപത്യരാജ്യമാകയുള്ളു. ഈ സമ്പ്രദായമില്ലാത്ത രാജ്യത്തിൽ ജനാധിപത്യഭരണം നാമമാത്രമാണു്.

21. പാശ്ചാത്യപരിഷ്കാരം പാശ്ചാത്യൎക്കു പററിയതുതന്നെ. അതിൽ ഒരു സന്ദേഹവുമില്ല. എന്നാൽ പാശ്ചാത്യപരിഷ്കാരത്തെ നാം അനുകരിക്കുന്നതു നമ്മുടെ രാജ്യത്തിന്നു നാശകരമാണു്. ഇതുകൊണ്ടു് അനുകരണീയങ്ങളും ഉത്തമങ്ങളും ആയ കാൎയ്യങ്ങൾ കൈക്കൊള്ളരുതു് എന്നൎത്ഥമില്ല.

22. അഭിഭാഷകൻെറ—വക്കീലിൻെറ കൎത്തവ്യം; എല്ലായ്പോഴും നീതിപാലകൻെറ—ജഡ്ജിയുടെ സമക്ഷത്തിൽ യഥാൎത്ഥസംഭവങ്ങളെ എടുത്തുകാട്ടലാണു്. നീതിപാലകനു യഥാൎത്ഥസംഭവം കണ്ടറിയുവാൻ സഹായിക്കുകതന്നെ. അവർ ഒരിക്കലും അപരാധികളെ നിരപരാധികൾ എന്നു് എടുത്തു പറയരുതു്.

23. ബിംബത്തെ കുമ്പിടുന്നതു് ഉത്തമമായ പ്രാൎത്ഥനയാകുകയില്ല. ബിംബത്തിൽ അന്തൎഭവിച്ചിരിക്കുന്ന ഈശ്വരനെ കുമ്പിടുന്നതേ പരമാൎത്ഥമായ പ്രാൎത്ഥനയാകയുള്ളു.

24. നാം പറയുന്നതും ചെയ്യുന്നതും ഈശ്വരൻ കേട്ടും കണ്ടും കൊണ്ടിരിക്കുന്നുണ്ടു് എന്നു മനസ്സിലാക്കി തുടങ്ങിയാൽ മനുഷ്യനു് ലോകത്തിൽ ഒരു സംഗതിയും മറച്ചുവെക്കേണ്ട ആവശ്യം വരുകയില്ല. അപ്പോൾ നമ്മെ സൃഷ്ടിച്ച ഈശ്വരൻെറ സന്നിധിയിൽ ആഭാസമായ വിചാരവികാരങ്ങൾ ഉദിക്കുകയില്ല. പറയുകയില്ല. രഹസ്യത്തേയും അന്ധകാരത്തേയും ആഭാസമാണു് ആശിക്കുന്നതു്.

25. ഇസ്ലാം എന്ന പദത്തിനുതന്നെ സമാധാനം എന്നു അ

ത്ഥമാണ്. സമാധാനം എന്നതു അഹിംസതന്നെ. ഇസ്ലാമിൻെറ അടയാളം വാൾ അല്ല.

26. തനിക്കുതന്നെ താൻ കള്ളനായി പ്രവത്തിക്കാതെ ലോകത്തിൽ നാം കള്ളനായി പ്രവത്തിക്കുന്നതു എത്രയോ വിശേഷമാണ്.

27. നമുക്കു സഹനശക്തിയില്ലെങ്കിൽ യുദ്ധത്തിൽ പരാജയം തന്നെ; എത്രത്തോളം സഹനശക്തിയുണ്ടോ അത്രത്തോളം നമുക്കു ബലം തന്നേ സഹനശക്തി എന്നതു ത്യാഗത്തിൻെറ പൎയ്യായമാണ്.

28. ത്യാഗം, അനുസരണം, വിവേകം എന്നിവ ഇല്ലാതെ വിമോചനമോ വിശ്വാസമോ ഉണ്ടാവില്ല. അനുസരണമില്ലാത്ത ത്യാഗംകൊണ്ടുമാത്രം ഒരു പ്രയോജനവുമില്ല.

29. ഋജുവായി ജീവിക്കുക, ഋജുവായി ചിന്തിക്കുക, ഋജുവായി പ്രവത്തിക്കുക ഇതാണ് ജീവിതത്തിലെ പ്രധാനോദ്ദേശം. ശരീരത്തിന്നുവേണ്ടി നമ്മുടെ വിചാരത്തെയെല്ലാം ബലികഴിച്ചാൽ ആത്മാവിനു മഹിമ കുറഞ്ഞുപോകും.

30 ഇത്രകാലവും നമ്മുടെ ജീവിതത്തിന്നുവേണ്ടി ഗ്രാമീണർ ആയിരക്കണക്കായി അദ്ധ്വാനിച്ചു. ഇപ്പോൾ അവരുടെ ജീവിതത്തിന്നുവേണ്ടി നമുക്കു മരിക്കാം.

31. ഉത്തമമായ ഒരു ഭവനത്തിന്നു സമമായ വിദ്യാലയമില്ല. ഉത്തമരായ മാതാപിതാക്കന്മാൎക്കു തുല്യരായ ആചാൎയ്യരുമില്ല.

32 ശക്തിയുക്തൎക്കും ശക്തിഹീനൎക്കും ഒരുപോലെ സുഖസൌകൎയ്യങ്ങൾ ഉണ്ടായിരിക്കുന്ന രാജ്യമാണ് ജനാധിപത്യരാജ്യം എന്നാണ് എൻെറ അഭിപ്രായം.

39. അടിമയായി ജീവിക്കുന്നതിനേക്കാൾ എത്രയോ ഉചിതതരമാണ് യുദ്ധം ചെയ്തുമരിക്കുന്നതു്. ദേശീയനിഘണ്ടുവിൽ അടിമത്തം എന്ന പദത്തിന്നു സ്ഥാനമില്ല.

34. കുട്ടികൾ വിദ്യാലയത്തിൽ പഠിക്കുമ്പോൾ അനുസരണാശീലം അഭ്യസിക്കാഞ്ഞാൽ അവരുടെ വിദ്യാഭ്യാസത്തിന്നുവേണ്ടി വ്യയം ചെയ്തധനം രാജ്യത്തിന്നു നിലയല്ലാത്ത നഷ്ടംതന്നെ.

35. സ്ത്രീകൾ ഉചിതമായ നിലയിൽ വിദ്യ അഭ്യസിക്കുന്നതിനെ ഞാൻ ആദരിക്കുന്നു എന്നാൽ വനിതകൾ പുരുഷന്മാരെപ്പോലെ പ്രവത്തിക്കുവാൻ ഒരുങ്ങി. പുരുഷന്മാരോടു പന്തയം വെച്ചു ചൊരുതിയാൽ തങ്ങൾ ലോകത്തിലേക്കു ചെയ്യേണ്ടുന്ന സഹായ

ങ്ങൾ ചെയ്യുവാൻ കഴിയാത്തവരായിത്തീരും എന്നുതന്നെ ഞാൻ കരുതുന്നു. പന്തയത്തിൽ സ്ത്രീകൾക്കു വിജയം നേടുവാൻ കഴിയും, പക്ഷേ അവർ പുരുഷന്മാരേപ്പോലെ നടന്നാൽ തങ്ങൾ എത്രവലിയ നിലയിൽ എത്തിയാലും അത്യുത്തമകോടിയിലുള്ള മാതൃസ്ഥാനത്തിൽ വന്നുചേരുവാൻ സാധിക്കുകയില്ല.

36. സത്യത്തെക്കൂടാത്ത ഒരു ഈശ്വരനേയും ഞാൻ സേവിക്കുകയില്ല. എനിക്കു ഈശ്വരനും സത്യവും ഒന്നുതന്നെ.

37. ഈശ്വരൻ ദേവലോകത്തിലും ഇല്ല,പാതാളലോകത്തിലും ഇല്ല. ഓരോ മനുഷ്യനിലും അന്തർഭവിച്ചിരിക്കുന്നു. തന്നിമിത്തം മനുഷ്യസമുദായത്തെ സേവിച്ചുകൊണ്ടു ഞാൻ ഈശ്വരനെ കാണുവാൻ ശ്രമിക്കുന്നു.

38. സത്യത്തിലും സത്യത്തിൻെറ നിമിത്തത്തിലും ഞാൻ സൌന്ദയ്യം കാണുന്നു, അന്വേഷിക്കുന്നു. സർവ്വസത്യവും—സത്യമായ ആശയംമാത്രമല്ല; സത്യമായ മുഖങ്ങൾ, സത്യമായ ചിത്രങ്ങൾ, അല്ലെങ്കിൽ സത്യമായ ഗാനങ്ങൾ ഇവയും സുന്ദരങ്ങൾതന്നെ. മനുഷ്യൻ സാമാന്യമായി സത്യത്തിൽ സൌന്ദയ്യം കാണാതെ വ്യതിചലിക്കുന്നു. സാധാരണമനുഷ്യൻ സത്യംവിട്ടു പുറമെപോകുന്നു. അതിന്നുശേഷം സത്യത്തിൽ സൌന്ദയ്യമുള്ളതുകാണുവാൻ ശക്തിഹീനനായി അന്ധനായിത്തീരുന്നു.

MUL
132056

Supplimemt to this issue.

# ഉണ്ണികൃഷ്ണൻ

(ഘോണ്ടത്തു് സി. ചെറിയമ്മ, നല്ലേപ്പിള്ളി)

പുത്രമിത്രാൎത്ഥസംപത്തെനിക്കുള്ള
തത്രയും ദുഃഖമുണ്ടാക്കിത്തീൎക്കുന്നു.
ഒന്നുകൊണ്ടുമില്ലാശ്വാസമിങ്ങിനെ
തന്നെയാണെങ്കിലെന്തിനിജ്ജീവിതം. 1

പാപശക്തികൊണ്ടല്ലയോ ഘോരമാ
യാപത്തെപ്പൊഴുമെന്നെക്കുഴക്കുന്നു
സത്യവും സൽക്കഥകളിൽ പ്രീതിയും
സ്തുത്യമാം കൃഷ്ണഭക്തിയുമല്ലാതെ 2

ലൌകികങ്ങളാം ഭോഗങ്ങളൊന്നുമെൻ
ശോകശാന്തിയ്ക്കുതകില്ല നിശ്ചയം
പുണ്യകൎമ്മങ്ങൾചെയ്യണം ദേവകീ
നന്ദനസ്വരൂപത്തെ സ്മരിക്കണം 3

പുണ്യക്ഷേത്രത്തിൽ ചെന്നുഭജിക്കണം
കണ്ണൻെറകഥാ കീൎത്തനംചെയ്യണം
പോകുമങ്ങിനെ പാപങ്ങളൊക്കയും
ശോകശാന്തിക്കതൊന്നേ മരുന്നുള്ളു 4

ആകയാലെൻെറ സംകല്പഭൂമിയിൽ
പ്രാകൃതക്കോലമാൎന്ന ഗോപാലനെ
കണ്ടുമോരോന്നു ചോദിച്ചു വണ്ണിച്ചും
കൊണ്ടു സേവിക്കാനായിത്തുനിയുന്നേൻ. 5

കൃഷ്ണ! കൃഷ്ണ! ജഗത്ത്രയരക്ഷക !
വൃഷ്ണിവംശജ! ഗോപികാനന്ദന!
ഉണ്ണീ! തോന്നുന്നോ? മന്നിൽപ്പിറന്നതും
വിണ്ണവരന്നു വാഴ്ത്തി സ്തുതിച്ചതും 6

ദ്യോവിൽ ഗന്ധർവ്വർ ഗാനങ്ങൾചെയ്തതും
ദേവന്മാർ പുഷ്പവൃഷ്ടിയെച്ചെയ്തതും
സ്വർല്ലോകേ വാദ്യഘോഷമുണ്ടായതും
അല്ലൽവിട്ടു സുജനങ്ങൾ വാണതും 7

മാമുനീന്ദ്രന്മാർ ജ്ഞാനദൃഷ്ട്യാ തവ
കോമളാംഗത്തെ യീക്ഷണം ചെയ്തതും
താതമാതാക്കൾ സ്തോത്രങ്ങൾ ചെയ്തതും
ആതുരരവർ മോദിതരായതും 8

സർവ്വമംഗളം നൽകും ഭവാൻെറ യാ
ദ്ദിവ്യമംഗമാലോകനം ചെയ്തതും
മാധവ! ഭവാൻ മാതാവു ചൊൽകയാൽ
കൌതുകം തരും ബാലാസ്ഥീന്നതും 9

കാരാഗാരത്തിൽ കാവൽക്കാരെല്ലാരും
പാരാതെ ഗാഢ നിദ്രയിലാണ്ടതും
വസുദേവർ തൻ ബന്ധനമന്നേരം
വാസുദേവ! ഝടിതി മോചിച്ചതും 10

കരാഗാരമടച്ച കവാടങ്ങൾ
നേരേ നന്നായ്തുറന്നു കിടന്നതും
വന്ദ്യയാം യോഗമായാ മഹാ ദേവീ
നന്ദഗേഹത്തിൽ ചെന്നു പിറന്നതും 11

ഗോകുലത്തിലെപ്പൌരന്മാരന്നേരം
ആകവേ ഗാഢനിദ്രയിലാണ്ടതും
ഉണ്ണികൃഷ്ണ! മുകുന്ദ! ജനാർദ്ദന!
കണ്ണ! കാർവ്വർണ്ണ! കൃഷ്ണ! നാരായണ! 12

നന്ദഗേഹേ ഭവാനെഴുന്നെള്ളുമ്പോൾ
മന്ദമാരുതൻ വീശിയെന്നുള്ളതും
മാമുനിമാർ തവാംഗം സ്മരിച്ചതും
കാർമ്മേഘങ്ങൾ മഴ പൊഴിയിച്ചതും 13

ആദിശേഷൻ ഫണങ്ങളാൽ സത്വരം
ആദരവാൽ കുട പിടിച്ചെന്നതും
വേഗത്തിൽ പ്രവഹിക്കും യമുന താൻ
യോഗി വന്ദ്യ! ഭവൽ പ്രഭാവത്തിനാൽ 14

വസുദേവക്കു കാൽമടമ്പോളമായ്
വാസുദേവ! വഴി നൽകിയെന്നതും
നന്ദനനാം ഭവാനെയും കയ്ക്കൊണ്ടു
നന്ദഗേഹേ വസുദേവർ ചെന്നുടൻ 15

നന്ദപത്നീ യശോദാ യശസ്വിനീ
വന്ദനീയ സുകൃത സൌഭാഗ്യയാം
പ്രസവത്താൽ തളൎന്നങ്ങു മൂർച്ഛിച്ചു.
വശംകെട്ടുകിടന്നിട്ടും ശയ്യയിൽ 16

നന്ദനനാം ഭവാനെക്കിടത്തിയാ
നന്ദനന്ദിനീയാകിയ മായയെ
സാവധാനമെടുത്തുടൻകൊണ്ടുപോയ്
ദേവകീതൻ ശയനേ കിടത്തിനാൻ 17

അമ്പാടിതന്നിലുണ്ണി പിറന്നപ്പോൾ
ഇമ്പമോടനുലോകരുണൎന്നപ്പോൾ
നന്ദഗോപരതിപ്രീതിയോടുതൻ
നന്ദനന്നായുരാരോഗ്യം പ്രാൎത്ഥിച്ചു 18

സുപ്രഭങ്ങളാം പൊന്നുംമണികളും.
വിപ്രന്മാൎക്കേകിയാശീർവ്വദിപ്പിച്ചാൻ
ഭൂമിയുംനല്ല ഗോക്കളെ സംഖ്യവും
ഭൂമിദേവക്കു നൽകിമോദിപ്പിച്ചു 19

നന്ദനന്ദന! നിന്നവതാരത്തെ
നന്നെഘോഷിച്ചു മോദിച്ചുകൊണ്ടാടി
ജാതകൎമ്മം മുതലായതൊക്കയും
ജാതമോദം നടത്തിച്ചു ഭദ്രമായ് 20

അമ്പിയലുന്ന ഗോകുലവാസികൾ
ഇമ്പമായുള്ള കാഴ്ചകൾകൈക്കൊണ്ടു്
നന്ദസൂനോ! ഭവാനെസ്സമീക്ഷിക്കാൻ
നന്ദഗേഹത്തിൽ വന്നുകൂടീടിനാർ 21

ബാലനെച്ചെന്നെടുത്തുടൻ ഗോപിമാർ
താലോലിച്ചാശീർവ്വാദമേകീടിനാർ
ആയുരാരോഗ്യം പ്രാർത്ഥിച്ചുകൊണ്ടവർ
മായാബാലക! നിന്നെക്കൊണ്ടാടീനാർ 22

വന്ദികൾക്കും ദരിദ്രജനങ്ങൾക്കും
നന്ദഗോപർ സമ്മാനങ്ങൾനൽകിനാൻ
അമ്പാടിതന്നിൽ ഗോകുലവാസികൾ
ഇമ്പമാന്നു പുത്രോത്സവംകൊണ്ടാടി 23

ഇഷ്ടപോലെ കളിച്ചുകിടക്കുമ്പോൾ
കൊച്ചിനെക്കൊല ചെയ്യാനൊരുങ്ങിയ
ദുഷ്ടയായുള്ള പൂതനക്കും ഭവാൻ
ശ്രേഷ്ഠമാംപദം നൽകിയതില്ലയൊ ? 24

ബാലനാം ഭവാനന്നഹൊ! ഗോപിമാർ
പാലനാർത്ഥം പലതും നടത്തിനാർ
രക്ഷകെട്ടീ ഭവാനവർ സജ്ജന
രക്ഷക! സർവ്വരക്ഷക! സർവ്വേശ! 25

ചാടായിട്ടുകടാസുരൻ വന്നുടൻ
ചാടുവാൻ ഭവൽഗാത്രേ തുടന്നപ്പോൾ
ദുഷ്ടനാകുമവനെ വധിച്ചങ്ങു
ശ്രേഷ്ഠമായുള്ള തൽപാദം നൽകിനീ 26

കാററായ്വന്നു ചുഴററീലുടൻതന്നെ
ചുററിക്കൊൽവാനൊരുങ്ങി പുറപ്പെട്ട
ദുഷ്ടരാക്ഷസനാം തൃണാവർത്തനു
ശ്രേഷ്ഠമായുള്ള സൽഗതി നൽകിനീ 27

ജനനംതൊട്ടു നൂറാംദിനംതന്നിൽ
സാദനംതവ നാമകരണത്തെ
ജ്ഞാനിയാം ഗർഗ്ഗമാമുനി ചെയ്തിതു
ജ്ഞാനരൂപാ! മുകുന്ദ! ഹരേ! കൃഷ്ണ! 28

"കൃഷ്ണ" നാമം സമസ്തസംപൂജിതം
"കൃഷ്ണ" നാമം അനന്തസുഖപ്രദം
"കൃഷ്ണ" നാമം സകല സംപൽകരം
"കൃഷ്ണ" നാമം ഹാ! സായൂജ്യദായകം 29

കൃഷ്ണ! നാമം ജപിപ്പവർക്കേവർക്കും
കൃഷ്ണ! നീ സർവ്വശ്രേയസ്സും നൽകുന്നു
വിഷ്ണുനാമങ്ങളിൽവെച്ചു മുഖ്യമാം
കൃഷ്ണനെന്നു നിനക്കു പേരിട്ടിതു 30

ബാലനാംഭവാൻ തത്രജനങ്ങൾക്കു
ലീലകൾകൊണ്ടു മോദംജനിപ്പിച്ചു
നീന്തി ക്രീഡിച്ചു നന്ദാലയം തന്നിൽ
സന്തോഷിപ്പിച്ചു താതമാതാക്കളെ 31

കുട്ടിയാം ഭവാനൊട്ടുനാൾ ചെന്നപ്പോൾ
മുട്ടുകുത്തിക്കളിച്ചു രസിക്കയും
മുട്ടനീർത്തിയിഴഞ്ഞു നടക്കയും
പെട്ടന്നല്പമിരുന്നു ചിരിക്കയും 32

പൈക്കിടാങ്ങളെ കണ്ടു കുതുകേന
കൈക്കലാക്കുവാൻ വേണ്ടി ശ്രമിക്കയും
മുട്ടുകുത്തിക്കൊണ്ടാവീട്ടിലെങ്ങുമെ
കുട്ടിയാം ഭവാൻ സഞ്ചരിച്ചീടവേ 33

കാറൊളി വർണ്ണമായ് തിരുമെയ്യിൽ
ചേറണിഞ്ഞുള്ളവായൊരു ഭംഗിയെ
നന്ദഗേഹി നീ കണ്ടു കുതൂഹലാൽ
വന്നെടുത്തുടൻ പുഞ്ചിരി തൂകിയും 34

ഗോപിമാർ കണ്ടു സന്തോഷമാർന്നുടൻ
ഗോപനന്ദന! വാരി എടുക്കയും
സാമ്പ്രതം ഭവാനൊട്ടു നാൾ ചെന്നപ്പോൾ
ഇമ്പമോടെ പിടിച്ചു നടക്കയും 35

പിഞ്ചുകാലടി വെച്ചു പതുക്കവെ
പുഞ്ചിരി തൂകി സ്സംചാരം ചെയ്കയും
നാളുകൾ ചിലതങ്ങു കഴിഞ്ഞപ്പോൾ
മേളമോടെ നടന്നു കളിക്കയും 36

ബാലനാം ബലരാമനോടൊന്നിച്ചു
ബാലകൃഷ്ണ! കളിച്ചു നടക്കയും
ബാലന്മാരോടുകൂടിയവർക്കുള്ള
ആലയങ്ങളിലങ്ങോട്ടു ചെൽകയും 37

പാൽ, തയിർ, വെണ്ണ; കട്ടു ഭുജിക്കയും
പാൽക്കുടങ്ങളുടച്ചു കളകയും
പൂച്ചകളും സഖാക്കളും താനുമായ്
കാച്ചിയ പാൽ കവർന്നു ഭുജിക്കയും 38

കട്ടിയാം ഭവാൻ ചെന്നു ഗൃഹങ്ങളിൽ
കട്ടു തിന്നു നടന്നു രസിക്കയും
ഗോപിമാരതു കണ്ടു വഴക്കിട്ടു
ആവലാതി നിന്മാതാവറികയും 39

സങ്കടമവർക്കുണ്ടെന്നു കണ്ടവൾ
പൊൻകലങ്ങളവർക്കു കൊടുക്കയും
മണ്ണുവാരിക്കളിക്കെ ഒരു ദിനം
മണ്ണുതിന്നു ഭവാനെന്നറികയാൽ 40

മാതാവാകും യശോദ കോപിച്ചുടൻ
വായ്തുറപ്പാൻ ഭവാനോടു ചൊല്ലിനാൾ
മഞ്ജുളമായ് തുറന്നുകാണിച്ചപ്പോൾ
കണ്ണതിവായിൽ ത്രിലോകവുംകണ്ടിതു 41

മണ്ണുതിന്ന ഭവാനെയതിൽകണ്ടു
തിണ്ണംശാസിച്ച മാതാവുമണ്ടതിൽ
മാതാവേറെബ്ഭയപ്പെട്ടു ചൊല്ലിനാൾ
ഭീതിതോന്നുന്ന നിന്മായകാണുകയാൽ 42

എന്മകൻ വേഗം വായകൂട്ടീടുക
ചിന്മയ! കൃഷ്ണ! വായകൂട്ടീടുക
എന്നുമാതാവു ചൊന്നതുകേട്ടപ്പോൾ
നന്ദനന്ദന! വായകൂട്ടീ ഭവാൻ 43

അമ്മക്കുമ്മകൊടുത്തു മോഹിപ്പിച്ചു
അമ്മേ! പാൽതരു എന്നങ്ങുചോദിച്ചാൻ
നന്ദപത്നീ യശോദാ ഒരുദിനം
നന്ദനൻചെയ്ത ലീലകൾപാടിയും 44

ഇന്ദിരാവരൻ തന്നെസ്തുതിചെയ്തും
സുന്ദരാംഗീ ദധികടഞ്ഞീടുമ്പോൾ
ലീലാലോലൻ കരുണാനിധിഹരി
ബാലകൃഷ്ണ! ഭവാനെഴുനീററുടൻ 45

മന്ദമന്ദ മടുത്തുചെന്നക്ഷണം
അമ്മതൻ കടകോൽപിടിച്ചീടിനാൻ
തന്മടിയിൽ കടന്നിരിന്നങ്ങിനെ
അമ്മിഞ്ഞപ്പാൽ കുടിച്ചു സുഖിക്കവെ. 46

താനടുപ്പത്തു വെച്ചോരു പാത്രത്തിൽ
പാൽതിളച്ചു പൊങ്ങുന്നതു കാണുകയാൽ
ബാലനെത്താഴെവെച്ചു യശോദതാൻ
പാലിളക്കാൻ ദ്രുതിയിൽഗമിച്ചിതു 47

പാൽകുടിക്കുവാൻ കിട്ടാതെപോയതിൽ
ബാലകൻഭവാൻവൎദ്ധിച്ചകോപേന
കല്ലുകൊണ്ടുള്ള പിള്ളാച്ചിയെകൊണ്ടു
മെല്ലെകുത്തി ഉടച്ചുതയിർക്കലം 48

തെല്ലിടകൊണ്ടു മററാരുംകാണാതെ
മെല്ലവെ വീട്ടിന്നുള്ളിൽകടന്നുടൻ
ചെന്നൊട്ടുള്ള തലേന്നാൾകലക്കിയ
വെണ്ണതിന്നു പരമസംതൃപ്തനായ് 49

പിന്നെശേഷിച്ച വെണ്ണയും പാത്രവും
ചെന്നൊട്ടത്തങ്ങുറിയോടുകൂടവെ
ഉമ്മറത്തിട്ടു നല്ലൊരുരൽപ്പുറ
ത്തംബുജാക്ഷ! ഭവാനിരുന്നീടുമ്പോൾ 50

കണ്ടെട്ടത്താകരങ്ങിനാവെണ്ണയെ
വേണ്ടുവോളംകൊടുത്തുകുതുഹലാൽ
അമ്മവന്നീടുമെന്നുള്ള ശങ്കയാൽ
കണ്ണിണയാലിടക്കിടെ വീക്ഷിക്കെ 51

പാലുകാച്ചിയാത്തൈർ കടഞ്ഞീടുവാൻ
ചാലവേവന്നു നോക്കീയശോദയും
ബാലകൃഷ്ണൻ തയിർച്ചട്ടിപൊട്ടിച്ച
ലീലകണ്ടുടനൊട്ടു ചിരിച്ചുടൻ 52

ബാലചാപല്യം മാറേറണമെന്നക
ത്താലോചിച്ചേറെക്കോപം നടിച്ചവൾ
കോലുമേന്തീനടന്നു വ്രജംതന്നിൽ
നാലുപാടും തിരഞ്ഞുനോക്കീടിനാൾ 53

കണ്ടുകെട്ടീ ഭവാനെ ഉരലിന്മേൽ
കൊണ്ടൽവർണ്ണ! കരുണാനിധേകൃഷ്ണ!
മന്ദംമന്ദം പിറകിൽവന്നങ്ങുതൻ
നന്ദനനെപ്പിടിപ്പാനൊരുങ്ങിനാൾ 54

കണ്ടിതു ഭവാനമ്മയെ തൽക്ഷണം
മണ്ടിനാൻ പിടിക്കാതെ കഴിക്കുവാൻ
താപസന്മാർ ഹൃദയത്തിൽ ബന്ധിപ്പാൻ
ഗോപബാലകനിന്നെ തിരയുന്നു 55

മോക്ഷദായക! കൃഷ്ണ ഭവാനെത്താൻ
കാൽക്ഷണേന കൈകൊണ്ടുപിടിക്കുവാൻ
ഓടിപ്പിൻപേ യശോദാ യശസ്വി നീ
ഓടിക്കൊണ്ടാൻ ഭവാനും ധൃതിയോടെ 56

ഓടി ഓടിത്തളൎന്നവളാൎത്തന്മാ
ൎക്കാടൽ തീൎക്കും ഭവാനെപ്പിടികൂടി
വന്ന കോപത്തോടപ്പോൾ ധൃതിപ്പെട്ടു
നന്ദഗേഹേറി നീയാകും യശോദയും 57

നന്ദസൂനോ! ഭവാനെ ബന്ധിച്ചീടാൻ
ചെന്നെടുത്താളുറപ്പുള്ളൊരു കയർ
ഗോപിമാർ തടുത്തിട്ടും പൊറുക്കാതെ
കോപമാൎന്നവൾ കെട്ടാനൊരുങ്ങുമ്പോൾ 58

ശോകമുള്ളത്തടക്കിയാ ഗോപിമാർ
ഗേഹങ്ങൾക്കുടൻ ചെന്നു ചേൎന്നീടിനാർ
പാശത്തിന്നു വലുപ്പമുണ്ടെങ്കിലും
ആ ശരീരത്തിലെത്തീല കെട്ടുവാൻ 59

ആശവിട്ടവളേററം പണിപ്പെട്ടു
പാശം കൊണ്ടങ്ങുരലിൽ ബന്ധിച്ചിതു
അപ്രകാരം ഭവാനെ വിട്ടേച്ചവൾ
ക്ഷിപ്രം പോയാൾ ഗൃഹജോലി ചെയ്യുവാൻ 60

പണ്ടു നാരദശാപാൽ കുബേരന്റെ
രണ്ടു മക്കൾ മരുത്തു മരങ്ങളയ്
ഒന്നതിൽ നളകൂബരനെന്നവൻ
പിന്നയോ മണി ഗ്രീവനെന്നുള്ളവൻ 61

ബാലകൃഷ്ണന്റെ ദൎശനംകൊണ്ടു മുൻ
പോലവേ യക്ഷന്മാരാകുമെന്നേവം
കോപശാന്തി വന്നപ്പോൾ മഹാമുനി
ശാപമോക്ഷവും നൽകി മറഞ്ഞുപോൽ 62

പാപമോചനനായോരു നിന്നുടെ
രൂപമുള്ളിലുറപ്പിച്ചുകൊണ്ടവർ
ശാപമോക്ഷത്തിന്നുള്ളോരവസരം
ഗോപവാടിയിൽ കാത്തു നിന്നീടുന്നു. 63

ആ മരങ്ങൾ തൻ മദ്ധ്യത്തിലേററവും
സാമർത്ഥ്യത്തോടുരലിഴത്തീടവെ
പെട്ടിതു വിലങ്ങത്തിലാവൃക്ഷങ്ങൾ
പൊട്ടി വീണു പെരുത്ത ശബ്ദത്തോടും. 64

ക്ഷിപ്രമങ്ങാമരങ്ങളിൽ നിന്നപ്പോൾ
ഉത്ഭവിച്ചു കുബേര കുമാരന്മാർ
വന്ദിച്ചേററം സ്തുതിച്ചോരവർപാരം
സന്തോഷിച്ചങ്ങനുഗ്രഹിച്ചു ഭവാൻ 65

ഭക്തിയോടും പ്രദക്ഷിണം ചെയ്തവർ
ഉത്തരദിക്കിലേക്കാസ്മറഞ്ഞിതു
ഉച്ചത്തിൽത്തദാ ദാരുക്കൾവീണതെല്ലാ
രൊച്ച കേട്ടോടിയെത്തീ സകലരും 66

കണ്ടുനിന്നൊരു ബാലന്മാരസ്ഥല
ത്തുണ്ടായോരൽഭുതങ്ങളെ ചൊല്ലിനാർ
അമ്മയെ സ്നേഹമേറിയോരുണ്ണിയെ
"അമ്മ" പാശത്താൽ കെട്ടിയോ! കഷ്ടമേ 67

എന്നു സങ്കടപ്പെട്ടു പറഞ്ഞുടൻ
നന്ദഗോപനും നിന്നടുത്തെത്തിനാൻ
വന്നശോകമടക്കിസ്സസംഭ്രമം
നന്ദനൻതൻെറ കെട്ടഴിച്ചീടിനാൻ 68

അമ്മ വാരിയെടുത്തു ശുഭാംഗനാം
തന്നരിമക്കിടാവിനെ തൽക്ഷണം
ഓമനയാം ഭവാനെ മടിയിൽവെ
ച്ചോമനിച്ചു തലോടി കരുണയാൽ 69

വെണ്ണയുണ്ണുവാൻനണ്ണും ഭവാനപ്പോൾ
തിണ്ണംപുഞ്ചിരി തൂകീകുതുകേന
അമ്മയെ മോദിപ്പിച്ചു ചിരിപ്പിച്ചു
അമ്മേ! തന്നിടു "വെണ്ണ"യെന്നർത്ഥിച്ചാൻ 70

കൊണ്ടൽവർണ്ണ! ഭവാനെമോദിപ്പിപ്പാൻ
ഉണ്ടലെന്നിയേ ഗോപിമാർചൊല്ലിനാർ
കണ്ണേ! കണ്മണീ! ആടുക പാടുക
വെണ്ണ പാൽ പലഹാരങ്ങൾ തന്നിടാം 71

ഉണ്ണുവാൻനല്ല പാൽപായസം തരാം
കണ്ണ! നൃത്തം ചവുട്ടിയാടീടുക
മററു ബാലന്മാർക്കാർക്കും ഭവാനോളം
ഇത്ര നന്നായ്ക്കളിപ്പാൻ വശമില്ല 72

കണ്ണ! കൈകൾനിറയെ അവിൽതരാം
കണ്ണേ! നന്നായ്ക്കളിച്ചുകാണിക്കുക
ഇഷ്ടമുള്ള ഫലങ്ങൾ തരാം ഞങ്ങൾ
മൃഷ്ടമായതു ഭക്ഷിച്ചുകൊൾക നീ 73

എന്നു ഗോപിമാരർത്ഥിച്ചിടുന്നേരം
ഉണ്ണികൃഷ്ണ! നീ ചെയ്യുമതേവിധം
ആടുംപാടും കളിക്കുംഭവാനപ്പോൾ
പേടമാൻ കണ്ണിമാരെ മോദിപ്പിപ്പാൻ 74

ഗോപികമാർ ചിലസമയത്തിങ്കൽ
ഗോപസൂനോ! ഭവാനോടുചൊല്ലിടും
ഓമനേ! ഘനമുള്ളതാണീപ്പീഠം
കേമനല്ലോ ഭവാനിതുപൊക്കാമോ 75

ലാഢുതന്നിടാം പാൽപഴം തന്നീടാം
സ്വാദുകൂടുന്ന മോദകംതന്നിടാം
ശക്തിയേറിയ ബാലകനാണെങ്കിൽ
വെക്കമൊപ്പീഠമിങ്ങോട്ടെടുക്കുക. 76

ഇത്ഥമോതുമവരുടെമുമ്പിൽ നീ
ശക്തനല്ലെന്ന ഭാവത്തിൽ നിന്നിടും
ഗോപിമാരതു കണ്ടുകനിഞ്ഞുടൻ
താപമോടേ ഭവാനോടുചൊല്ലീടും 77

പീഠംപൊക്കുവാൻ ശക്തിയില്ലെങ്കിലോ
മാധവ! കൊച്ചുപാത്രങ്ങൾ പൊക്കുക
ഇല്ലശക്തിയതിന്നും ഭവാനെങ്കിൽ
മെല്ലവേചെന്നാപന്തിങ്ങെടുക്കാമോ? 78

ഗോപിമാരിത്ഥം ചൊല്ലുമ്പോളൊക്കെയും
ഓരോന്നോരോന്നായ്പ്പൊക്കാൻ ശ്രമിച്ചിടും
ശക്തിയില്ലെന്നഭാവം നടിച്ചിടും
ഭക്തവത്സലനാകും ഭവാനപ്പോൾ 79

ഗോപിമാർ പരിഹാസമായ് ചൊല്ലിടും
ധീരനല്ല ഭവാനെന്നു സസ്മിതം
ധീരനല്ലെന്നു ഗോപിമാർചൊല്ലുകിൽ
ധീരതയോടെ കയ്യോങ്ങിനിന്നിടും 80

കോപംഭാവിച്ചെതുക്കും നീയപ്പൊളാ
ഗോപിമാരതു കണ്ടു ചിരിച്ചീടും
നിന്നെ സ്സന്തോഷിപ്പിക്കുന്നതിന്നായി
ട്ടന്നേരം ചിലർ വാഴ്ത്തിപ്പറഞ്ഞിടും 81

കണ്ണുകൾ നീണ്ട കായാമ്പൂവർണ്ണ! ഹാ!
വെണ്ണ മോഷ്ടിക്കു ഞങ്ങൾക്കു കാണുവാൻ
കണ്ണ! കോമളഗാത്ര! ഭവാനോളം
കൺ കവരുന്ന കുട്ടിയില്ലെങ്ങുമെ 82

വന്ന കൌതുകത്തോടു ഭവാനപ്പോൾ
വെണ്ണ യാചിക്കും മട്ടൊന്നു കാട്ടിനാൻ
കോമളാംഗിമാർ ചൊല്ലും ചിലനേരം
ശ്യാമളാംഗ! ഭവാനിതു കണ്ടിതോ? 83

*

മുററത്തു മുല്ല പൂത്തതാ നിൽക്കുന്നു
കാററിനാലതിൻ ഗന്ധം പരക്കുന്നു
കണ്ടിതോ ? പൂത്തു നിൽക്കുമീ വല്ലികൾ
കൊണ്ടൽവർണ്ണ ! ഭവാനെ വിളിക്കുന്നു 84

മുല്ലപ്പൂക്കൾ ഭവാൻ കൊണ്ടുവന്നെങ്കിൽ
നല്ലമാലകൾ കെട്ടി അണിയിക്കാം
പല്ലവാംഗിമാരേവം കഥിക്കവെ
മുല്ലപ്പൂക്കളെ രക്ഷകയായ് ഭവാൻ 85

പങ്കജാക്ഷ ! ചിലപ്പോൾ ഭവാനോടാ
പ്പങ്കജാക്ഷിമാരോതീടുമീ വിധം
മാധവ! കാൺക മാലതീ വല്ലികൾ
കൌതുകത്തോടെ പൂത്തിതാ നിക്കുന്നു 86

മന്ദമാരുതൻ പൂക്കളെ സ്പർശിച്ചു
സുന്ദരാംഗ! സുഗന്ധം പരത്തുന്നു
പൂർണ്ണചന്ദ്രൻ തെളിഞ്ഞു വിളങ്ങുന്നു
പൂനിലാവു തുളുമ്പുന്നു ഭൂമിയിൽ 87

അച്യുതാച്ഛനക്കച്ഛന്നു നൽകുവാൻ
പിച്ചകപ്പൂക്കൾ കൊണ്ടുവന്നീടുക
കാണട്ടെ ഞങ്ങൾ കണ്ണേ! മിടുക്കുകൾ
വേണമെന്നാകിൽ ഞങ്ങൾ സഹായിക്കാം 88

സുന്ദരാംഗിമാരേവം പലപ്പോഴും
നിന്നെ പ്രേരിക്കും പൂവറുത്തീടുവാൻ
ഗോപിമാരെന്തു ചൊന്നാലുമപ്പോഴെ
ഗോപസൂനോ! ഭവാനതു ചെയ്തിടും 89

ഭക്തന്മാർക്കങ്ങധീനനെന്നുള്ളതു
വ്യക്തമാക്കിയീ ലീലകൾകൊണ്ടു നീ
ഏകദാ ചില ധാന്യങ്ങൾ വാങ്ങി നീ
വീഥി തന്നിൽ ജവേന ഗമിക്കുമ്പോൾ 90

സ്വാദു കൂട്ടം പഴങ്ങൾ വിൽക്കുന്നൊരു
സാധു സ്ത്രീ കണ്ടു മഞ്ജുളം നിൻകരം
നല്ല നല്ല പഴങ്ങൾ തിരഞ്ഞെടു-
ത്തുല്ലാസത്തോടു മങ്ങേക്കുനൽകിനാൾ 91

അന്നതിന്നു ഭവാനവൾക്കേകിയ
ധാന്യമത്രയും രത്നങ്ങളായ്ത്തീർന്നു
ബാലരൊപ്പം കളിച്ചങ്ങൊരുദിനം
നേരംപോയതറിയാതെ മേവുമ്പോൾ 92

നന്ദപത്നി യശോദ ചെന്നിട്ടുടൻ
നന്ദനന്മാരോടിങ്ങിനെ ചൊല്ലിനാൾ
ബാലരേ നേരം കണ്ടറിഞ്ഞീലയോ ?
ബാലരേ പിറന്നാൾസദ്യ യിന്നല്ലോ ? 93

അച്ഛനണ്ടതാ കാത്തിരിക്കുന്നു തൻ
ഭക്ഷണം നിങ്ങളോടൊത്തു വേണ്ടയോ ?
മാനിനി ഏവമോതി കുമാരരെ
സ്നാനംചെയ്യിച്ചു വസ്ത്രമുടുപ്പിച്ചു 94

വാസനയുള്ള ലേപനം ചാർത്തിച്ചു
ഭൂഷണങ്ങൾ വളരെയണിയിച്ചു
കണ്ണുകൾനീണ്ട രാമകൃഷ്ണന്മാരേ
കണ്ണെഴുതിച്ചു കൌതുകത്തോടവൾ 95

ബാലരാം ബലരാമനും കൃഷ്ണനും
ഫാലദേശത്തിൽ ഗോപിക്കുറിതൊട്ടു
പൊന്നുകൊണ്ടുള്ള ചന്ദ്രക്കലകളും
സുന്ദരമായ നെററിയിൽ ചാർത്തിച്ചു 96

നാലുകൂട്ടം കറികളോടും നിജ
ബാലരെ ഭുജിപ്പിച്ചവൾ മോദിച്ചു
വ്രജവാസികളേററവും തുഷ്ടരായ്
രാജീവാക്ഷ! തവലീല കാങ്കയാൽ 97

ഓരോരോവിധമായുള്ള ലീലയാൽ
പാരിടത്തിന്നാമോദമേകീ ഭവാൻ
പണ്ടുവൃന്ദാവനത്തിലാഗ്ഗോപിമാർ
കണ്ടുസേവിച്ച കൃഷ്ണലീലാസവം 98

വേണ്ടപോലെത്തെളിയിച്ചുസൂക്ഷിച്ചി
ട്ടുണ്ടുഭദ്രം പുരാണക്കലോറയിൻ
ഏതുമാരുമറിയാതെ ഞാനതിൻ
സ്വാദുനോക്കിയാശ്ശീലം വിടാതെയായ് 99

കൃഷ്ണലീലാ ലഹരിപിടിച്ചിനി
കൃഷ്ണമെറീമനസ്സടങ്ങാതെയായ്.
വാക്കുകൊണ്ടതു വീശിത്തണുപ്പിക്കാൻ
നോക്കിയീവിധം ജല്പിക്കയാണുഞാൻ 100

ആശരീരമെൻ മുമ്പിലിപ്പൊഴുമു
ണ്ടാശയുണ്ടൊന്നു കൂടിയാചിക്കുവാൻ
കൃഷ്ണ! കാർമുകിൽവർണ്ണ. ഭവാനെയീ
കണ്ണുകൊണ്ടു തെളിഞ്ഞു കാണുന്നുഞാൻ 101

ഒന്നിലും ബന്ധമില്ലാതെയെത്രയായ്
നിന്നെത്തന്നെ നിനച്ചു വാഴുന്നുഞാൻ
എന്നിലെന്തെ കനിവില്ലാതാകുവാൻ
മന്ദഭാഗ്യമായല്ലോ ഞാനിങ്ങിനെ 102

ഞാനൊരു ഗോപിയല്ലെന്നുവെച്ചുദാ
സീനഭാവത്തിലെന്നെ ത്യജിക്കയൊ?
നിർത്തിവെച്ചല്ലോ നിൻകളിഗോപിമാർ
തൃപ്തരായിപ്പിരിഞ്ഞു യശോദയും 103

തൃപ്തിവന്നീലിനിക്കു കുറച്ചൊരാ
വൃത്തികൂടിക്കളിക്കുകിശോരക!
നോട്ടവുംനിൻെറ ചാട്ടവുമോട്ടവും
പാട്ടുമാട്ടവുമെത്രമനോഹരം. 104

എട്ടുവട്ടം പ്രസവിച്ചുസംകട
പ്പെട്ടുകിട്ടിയകുട്ടിയല്ലൊ ഭവാൻ
പൈതലേ! ചാടിയോടിക്കുഴഞ്ഞ നിൻ
കാൽ തലോടിത്തരട്ടയോ കേശവ! 105

മഞ്ഞപ്പട്ടുടുത്തങ്ങതിൽ കെട്ടിയ
പൊന്നരഞ്ഞാളഴിച്ചു കെട്ടേണമോ?
നീലക്കാർമുടിക്കെട്ടിൽ തിരുകിയ
പീലിക്കണ്ണുകൾ വീഴാൻ തുടങ്ങുന്നു 106

നെററിയിൽ തൊട്ടുയർത്തി പിടിച്ചതു
പട്ടുനൂൽകൊണ്ടു കെട്ടിത്തരട്ടയോ?
നെററിതൻ നടുക്കിട്ട ഗോപിക്കുറി
മററിലുംമാഞ്ഞുപോയീ വിയർപ്പിനാൽ 107

പട്ടുകൊണ്ടതുമെല്ലെത്തുടച്ചുഞാൻ
മാററിയിട്ടു തരട്ടയോ? മാധവ!
കണ്ണുതട്ടാതിരിപ്പാൻ കവിൾത്തടം
തന്നിലിട്ട കരിപ്പൊട്ടുമാഞ്ഞുപോയ് 108

ഭംഗിയായ് ഞാൻ പനിനീരിൽ മുക്കിയ
പഞ്ഞിയാൽ മാച്ചു മാററിത്തൊടട്ടയോ?
നല്ലവീരാണി മാറത്തു ചാർത്തിച്ച
മുല്ലമാലക്കു വാട്ടമുണ്ടേററവും 109

നല്ലവണ്ണം വിരിയാത്ത പിച്ചക
മാല്യമൊന്നു ഞാൻ കെട്ടിത്തരട്ടയോ?
കട്ടിയുള്ളോരു കാൽച്ചിലമ്പൊങ്ങാനും
മുട്ടിയോ? തോലു പൊട്ടിയോ? ചൊൽകെടോ? 110

ഊക്കോടെ ശകടാസുരൻ നിന്നുടെ
മെക്കട്ടു ചാടിക്കേറാൻ തുടങ്ങുമ്പോൾ
ഒററക്കാൽകൊണ്ടു തട്ടിത്തകർത്തതു
തൊട്ടിലിൽ കിടക്കുമ്പൊഴതല്ലയോ ? 111

ക്ഷീണിച്ചിട്ടു കളിക്കായ്കയാണെന്നു
കാണിച്ചിട്ടെന്തു വിശ്വസിക്കില്ല ഞാൻ
വല്ലവീജനം വാഴ്ത്തുന്നു നിൻ തനു
പല്ലവം പോലെയാണെന്നു ഭംഗിയിൽ 112

വെണ്ണ തിന്നിട്ടു മാർദ്ദവം കൂടിയോ?
മണ്ണുതിന്നിട്ടു കാഠിന്യമേറിയോ?
സർവ്വ സിദ്ധിയുമുള്ള നിൻ മെയ്യൊരു
ദിവ്യ ലോഹപ്പണിത്തര മല്ലയോ? 113

ആരറിഞ്ഞു നിൻ തത്വം മഹർഷിമാർ
മാറി മാറിപ്പറയുന്നതല്ലയോ?
കണ്ടതല്ലാതിനിക്കെന്തറിയുമീ
കുണ്ഠഭാവവും നിൻ കളി തന്നെയാം 114

പേടി കൂടാതെ കാളിയൻ തൻ തല
യ്ക്കാടി യാടി ച്ചവിട്ടിക്കളിച്ചില്ലേ
ധാടിയേറുമാച്ചാരു നൃത്തത്തിലെ
ച്ചോടുവെപ്പെനിക്കൊന്നു കാട്ടിത്തരൂ 115

ഒന്നിനും നിനക്കിന്നു വയ്യെങ്കിലോ
വന്നിരിക്കൂ മടിയിലെന്നോമനേ!
മംഗളാകൃതേ! നിന്നംഗസംഗത്താൽ
നീങ്ങിപ്പോകട്ടേ പാപങ്ങളത്രയും 116

എന്നെത്തന്നെ മറന്നുകൊണ്ടങ്ങിനെ
നിന്നെ ഞാനൊന്നു വാരിപ്പിടിക്കട്ടേ!
നിന്മുഖത്തു ഞാനമ്മവെക്കട്ടെ നി–
ന്നമ്മയാകട്ടെ ഏതു ജന്മത്തിലും 117

ശുഭമസ്തു.